കുഞ്ചൻ നമ്പ്യാർ

# കിരാതം

(മലയാളം: തുള്ളൽ)

2013
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Kiratam**
Malayalam poetry
by **Kunchan Nambiar**

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . . . . . . . . iii

കുഞ്ചൻ നമ്പ്യാർ . . . . . . . . . . v

കിരാതം . . . . . . . . . . 1

# കുഞ്ചൻ നമ്പ്യാർ

പതിനെട്ടാം നൂറ്റാണ്ടിലെ (1705-1770) പ്രമുഖ മലയാളഭാഷാ കവിയാണ് കുഞ്ചൻ നമ്പ്യാർ. പ്രതിഭാസമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിന്റെ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനായ നമ്പ്യാരുടെ കൃതികൾ മിക്കവയും തുള്ളൽ അവതരണങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി എഴുതപ്പെട്ടവയാണ്. നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണനീയനാണ് നമ്പ്യാർ.

ചന്ദ്രികാവീഥി, ലീലാവതീവീഥി, തുടങ്ങിയ രൂപകങ്ങളും, വിഷ്ണുവിലാസം, രഘുവീയം എന്നീ മഹാകാവ്യങ്ങളും വിലാസം, ശിവശതകം എന്നീ ഖണ്ഡകാവ്യങ്ങളും, രാസക്രീഡ, വൃത്തവാർത്തികം എന്നീ ഛന്ദശ്ശാസ്ത്രഗ്രന്ഥങ്ങളും മറ്റും സംസ്കൃതത്തിൽ എഴുതിയ രാമപാണിവാദനും കുഞ്ചൻ നമ്പ്യാരും ഒരാൾതന്നെയാണെന്ന് ഏറെ ചർച്ചചെയ്യപ്പെട്ട ഒരു വാദം മഹാകവി ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ആ അവകാശവാദം ഇന്നും സ്ഥിരീകൃതമായിട്ടില്ല.

നമ്പ്യാരുടെ ജീവിതത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്ന രേഖകളൊന്നുമില്ല. ലഭ്യമായ അറിവു വച്ച്, ഇന്നത്തെ പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിലായിരുന്നു നമ്പ്യാരുടെ ജനനം എന്ന് കരുതപ്പെടുന്നു. ബാല്യകാല വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം പിതാവിനോടൊപ്പം പിതൃദേശമായ കിടങ്ങൂരിലെത്തി. തുടർന്ന് ചെമ്പകശ്ശേരിരാജാവിന്റെ ആശ്രിതനായി ഏറെക്കാലം അമ്പലപ്പുഴയിലാണ് അദ്ദേഹം ജീവിച്ചത്. ഇക്കാലത്താണ് തുള്ളൽ കൃതികളിൽ മിക്കവയും എഴുതിയതെന്ന് കരുതപ്പെടുന്നു. ചെമ്പകശ്ശേരി രാജാവായ ദേവനാരായണനെ പുകഴ്ത്തുന്ന കല്യാണസൗഗന്ധികത്തിലെ ഈ വരികൾ പ്രസിദ്ധമാണ്:–

> “ചെമ്പകനാട്ടിന്നലങ്കാരഭൂതനാം,
> തമ്പുരാൻ ദേവനാരായണസ്വാമിയും
> കമ്പം കളഞ്ഞെന്നെ രക്ഷിച്ചുകൊള്ളണം;

കുമ്പിടുന്നേനിന്നു നിൻപദാംഭോരുഹം."

1746-ൽ മാർത്താണ്ഡവർമ്മ ചെമ്പകശ്ശേരി രാജ്യം കീഴടക്കി വേണാടിനോട് ചേർത്തതിനെ തുടർന്ന് നമ്പ്യാർ തിരുവനന്തപുരത്തേക്കു താമസം മാറ്റി. അവിടെ അദ്ദേഹം, മാർത്താണ്ഡവർമ്മയുടേയും അദ്ദേഹത്തെ തുടർന്ന് ഭരണമേറ്റ കാത്തിക തിരുനാളിന്റെയും (ധർമ്മരാജാവ്) ആശ്രിതനായി ജീവിച്ചു. വാർദ്ധക്യത്തിൽ രാജസദസ്സിലെ ജീവിതം ബുദ്ധിമുട്ടായിത്തോന്നിയ അദ്ദേഹം സ്വന്തം നാടായ അമ്പലപ്പുഴക്ക് മടങ്ങാൻ ആഗ്രഹിച്ചു.

"കോലംകെട്ടുക, കോലകങ്ങളിൽ നടക്കെന്നുള്ള വേലക്കിനി-
ക്കാലം വാർദ്ധകമാകയാലടിയനെച്ചാടിക്കൊലാ ഭൂപതേ."

എന്ന കവിയുടെ അഭ്യർഥന രാജാവ് സ്വീകരിച്ചതിനെത്തുടർന്ന് അദ്ദേഹം അമ്പലപ്പുഴക്ക് മടങ്ങി. 1770-ലായിരുന്നു മരണം എന്ന് കരുതപ്പെടുന്നു. പേപ്പട്ടി വിഷബാധയായിരുന്നു മരണകാരണം എന്നൊരു കഥ പ്രചരിച്ചിട്ടുണ്ട്.

അമ്പലപ്പുഴ ക്ഷേത്രത്തിൽ ചാക്യാർകൂത്ത് എന്ന ക്ഷേത്രകലയിൽ മിഴാവ് കൊട്ടുകയായിരുന്ന നമ്പ്യാർ ഒരിക്കൽ ഉറങ്ങിയപ്പോൾ പരിഹാസപ്രിയനായ ചാക്യാർ അരങ്ങത്തുവച്ചു തന്നെ കലശലായി പരിഹസിച്ചു ശകാരിച്ചതാണ് തുള്ളലിന്റെ തുടക്കത്തിന് കാരണമായതെന്ന് ഒരു കഥയുണ്ട്. പകരം വീട്ടാൻ അടുത്ത ദിവസം തന്നെ നമ്പ്യാർ ആവിഷ്കരിച്ച് അവതരിപ്പിച്ച പുതിയ കലാരൂപമായിരുന്നത്രെ തുള്ളൽ. തുള്ളലിന് കൂത്തുമായി വളരെ സാമ്യമുണ്ടെന്നതൊഴിച്ചാൽ ഈ ഐതിഹ്യത്തിൽ എത്രമാത്രം സത്യമുണ്ടെന്ന് പറയുക ബുദ്ധിമുട്ടാണ്. ഏതായാലും തുള്ളലിനെ ഒരൊന്നാംകിട കലാരൂപമായി വികസിച്ചെടുക്കാനും അതിന് പരക്കെ അംഗീകാരം നേടിയെടുക്കാനും നമ്പ്യാർക്ക് കഴിഞ്ഞു. അസാമാന്യമായ ഭാഷാനൈപുണ്യം കൊണ്ട് അനുഗൃഹീതനായിരുന്നു നമ്പ്യാർ. വാക്കുകൾ അദ്ദേഹത്തിന്റെ നാവിൽ നൃത്തം ചെയ്യുകയായിരുന്നത്രെ.

"പാൽക്കടൽത്തിര തള്ളിയേറി
വരുന്നപോലെ പദങ്ങളെൻ
നാവിലങ്ങനെ നൃത്തമാണൊരു
ഭോഷ്ക്കു ചൊല്ലുകയല്ല ഞാൻ"

എന്നു പറയാൻ മാത്രം ആത്മവിശ്വാസമുണ്ടായിരുന്നെങ്കിലും, തുള്ളലുകളുടെ ഭാഷയായി നമ്പ്യാർ തെരഞ്ഞെടുത്തത് സംസാരഭാഷയോട് ഏറ്റവും അടുത്ത സാധാരണക്കാരന്റെ ഭാഷയാണ്. അത് അവയ്ക്ക് കൂടുതൽ സ്വീകാര്യത നേടിക്കൊടുത്തു. സാധാരണക്കാർക്ക് രുചിക്കുന്ന കവിത അവരുടെ ഭാഷയിൽ തന്നെ ആയിരിക്കണം എന്ന് നമ്പ്യാർ പറഞ്ഞിട്ടുണ്ട്:–

"ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള ഭാഷതന്നെ ചിതം വരൂ
ഭാഷയേറിവരുന്ന നല്ലമണിപ്രവാളമതെങ്കിലോ
ഭൂഷണം വരുവാനുമില്ല: വിശേഷഭൂഷണമായ്‌വരും"

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 64 തുള്ളലുകൾ നമ്പ്യാർ എഴുതിയതായി പറയപ്പെടുന്നു. നമ്പ്യാരുടെ ഏറെ പ്രസിദ്ധമായ ഫലിതബോധത്തിനു പുറമേ അദ്ദേഹത്തിന്റെ വിപുലമായ അനുഭവസമ്പത്തും എല്ലാ വിജ്ഞാനശാഖകളിലുമുള്ള അവഗാഹവും ഈ കൃതികൾ പ്രകടിപ്പിക്കുന്നു. അദ്ദേഹത്തിന്റേതായി പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളത് നാല്പത് തുള്ളലുകളാണ്.

## കൃതികളുടെ പ്രത്യേകതകൾ

സമൂഹവിമർശനം, നിശിതമായ ഫലിതപരിഹാസങ്ങൾ, കേരളീയത, സാധാരണക്കാരന്റെ ഭാഷ, ലോകോക്തികൾ എന്നിവയെല്ലാം നമ്പ്യാരുടെ കൃതികളുടെ ലക്ഷണങ്ങളായി നിരൂപകർ എടുത്തു പറയുന്നു. അദ്ദേഹത്തിന്റെ രചനകളുടെ ഈ പ്രത്യേകതകൾ കവിക്ക് വലിയ ജനപ്രീതി നേടിക്കൊടുത്തു. ജനകീയ കവി എന്ന് നമ്പ്യാർ വിശേഷിക്കപ്പെടാറുണ്ട്.

## ഫലിതം

പുരാണകൃതികളെ അവലംബിച്ചായിരുന്നു നമ്പ്യാരുടെ മിക്ക തുള്ളൽ കൃതികളും എങ്കിലും അവയിൽ കഴിയുന്നത്ര നർമ്മവും സാമൂഹ്യപ്രസക്തിയുള്ള പരിഹാസവും കലർത്തുവാൻ കവി ശ്രദ്ധിച്ചിരുന്നു. നളചരിതത്തിൽ, സന്ദേശം വഹിച്ചുകൊണ്ടു പറന്നുപോകുന്ന അരയന്നം കണ്ട ദേശാന്തരങ്ങളിലെ കാഴ്ചകൾ വർണ്ണിക്കുന്ന ഭാഗം പ്രസിദ്ധമാണ്.

"നായർ വിശന്നു വലഞ്ഞു വരുമ്പോൾ കായക്കഞ്ഞിക്കരിയിട്ടില്ല;
ആയതുകേട്ടുകലമ്പിച്ചെന്നങ്ങായുധമുടനേ കാട്ടിലെറിഞ്ഞു.
ചുട്ടുതിളക്കും വെള്ളമശേഷം കുട്ടികൾ തങ്ങടെ തലയിലൊഴിച്ചു.
കെട്ടിയ പെണ്ണിനെ മടികൂടാതെ, കിട്ടിയ വടികൊണ്ടൊന്നു കൊടുത്തു.
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു, ഉരലുവലിച്ചു കിണറ്റിൽ മറിച്ചു;
ചിരവയെടുത്തഥ തീയിലെരിച്ചു, അരകല്ലങ്ങു കുളത്തിലെറിഞ്ഞു;
അതുകൊണ്ടരിശം തീരാഞ്ഞവനപ്പുരയുടെ ചുറ്റും മണ്ടി നടന്നു."

കല്യാണസൗഗന്ധികത്തിൽ പാഞ്ചാലിയുടെ ആഗ്രഹപ്രകാരം സൗഗന്ധികപ്പൂ തേടിപ്പോകുന്ന ഭീമൻ, ഒരു വൃദ്ധവാനരനെന്ന മട്ടിൽ വഴിമുടക്കി കിടന്ന ഹനുമാനോട് കയർക്കുന്ന ഭാഗം രസകരമാണ്:–

“നോക്കെടാ! നമ്മുടെ മാർഗ്ഗേ കിടക്കുന്ന മർക്കടാ,
നീയങ്ങു മാറിക്കിടാ ശഠാ!
ദുർഘടസ്ഥാനത്തു വന്നുശയിപ്പാൻ നിനക്കെടാ
തോന്നുവനെന്തെടാ സംഗതി?”

തന്റെ അവശസ്ഥിതി അറിഞ്ഞ് വഴിമാറിപ്പോകാൻ ആവശ്യപ്പെടുന്ന ഹനുമാനോട് ഭീമൻ പിന്നെയും ഇടയുന്നു:–

“ആരെന്നറിഞ്ഞു പറഞ്ഞു നീ വാനരാ!, പാരം മുഴക്കുന്നു
ധിക്കാരസാഹസം;
പൂരുവംശത്തിൽ പിറന്നു വളർന്നൊരു പൂരുഷശ്രേഷ്ഠൻ
വൃകോദരനെന്നൊരു
വീരനെ കേട്ടറിവില്ലേ നിനക്കെടോ, ധീരനാമദ്ദേഹ-
മിദ്ദേഹമോർക്ക നീ
നേരായ മാർഗ്ഗം വെടിഞ്ഞു നടക്കയില്ലാരോടു മിജ്ജനം
തോൽക്കയുമില്ലേടോ,
മാറിനില്ലെന്നു പറയുന്ന മൂഢന്റെ മാറിൽ പതിക്കും
ഗദാഗ്രമെന്നോർക്കണം.”

ഈ വീമ്പിന് മറുപടികൊടുത്ത ഹനുമാൻ, നാലഞ്ചു ഭർത്താക്കന്മാർ ഒരു പെണ്ണിന് എന്നത് നാലുജാതിക്കും വിധിച്ചതല്ല എന്ന് ഭീമനെ ഓർമ്മിപ്പിക്കുന്നു. കൂടാതെ, ദുശ്ശാസനൻ പണ്ട് കൗരവസഭയിൽ വച്ച് പാഞ്ചാലിയോട് അതിക്രമം ചെയ്തത് കണ്ണും മിഴിച്ച് കണ്ട് നിന്നപ്പോൾ പൊണ്ണത്തടിയനായ ഭീമന്റെ പരാക്രമം കാശിക്കു പോയിരിക്കുകയായിരുന്നോ എന്നും നമ്പ്യാർ ഹനുമാനെക്കൊണ്ട് ചോദിപ്പിക്കുന്നുണ്ട്.

## കേരളീയത

പതിനെട്ടാം ശതകത്തിൽ കേരളത്തിൽ നിലവിലിരുന്ന സാമൂഹിക സ്ഥിതിയിലേക്ക് നമ്പ്യാരുടെ കൃതികൾ വെളിച്ചം വീശുന്നു. ഭൂസ്ഥിതി, സസ്യപ്രകൃതി, ജലവിനിയോഗം, പാരമ്പര്യജന്യ വിജ്ഞാനം, നാടൻ തത്ത്വചിന്ത, നാട്ടു വിദ്യാഭ്യാസരീതി, നാടൻ വിനോദങ്ങൾ, ഉത്സവങ്ങൾ, അങ്ങാടി വാണിഭം, നാടൻ മത്സ്യബന്ധനം, ചികിത്സാരീതികൾ, കൃഷിയറിവുകൾ, കടലറിവുകൾ, കാട്ടറിവുകൾ, നാടൻ ഭക്ഷണ രീതികൾ, നാട്ടു സംഗീതം, മുത്തശ്ശിച്ചൊല്ലുകൾ തുടങ്ങിയ മണ്ഡലങ്ങൾ നമ്പ്യാർ കവിത വിശദമാക്കുന്നു.

തുള്ളൽക്കവിതകളിൽ മിക്കവയുടേയും പ്രമേയം പുരാണേതിഹാസങ്ങളാണെങ്കിലും നമ്പ്യാർ കൊടുക്കുന്ന പശ്ചാത്തലം കേരളീയമാണ്. കഥാപാത്രങ്ങൾക്ക് അദ്ദേഹം മലയാളിത്തം കല്പിച്ചുകൊടുക്കുന്നു. ഭീമൻ, ദുര്യോധനൻ, ദേവേന്ദ്രൻ , ദമയന്തി, ദ്രൗപദി, സീത,

പാർവ്വതി തുടങ്ങിയ കഥാപാത്രങ്ങൾ കേരളത്തിലെ സ്ഥിതിഗതികൾക്കനുരൂപമായ വേഷപ്പകർച്ചയോടുകൂടി മാത്രമേ തുള്ളലുകളിൽ പ്രത്യക്ഷപ്പെടുന്നുള്ളു. ഭൂ-സ്വർഗ്ഗ-പാതാളങ്ങൾ നമ്പ്യാരുടെ ഭാവനയിൽ അമ്പലപ്പുഴയോ, തിരുവനന്തപുരമോ ആയി മാറുന്നു. അയോദ്ധ്യയിലും, അളകാപുരിയിലും, സ്വർഗ്ഗത്തിലും പാതാളത്തിലും എല്ലാം കേരളീയർ തന്നെ. കേളച്ചാരും, കാളിപ്പെണ്ണും ചിരികണ്ടച്ചാരും, കോന്തനും, കേളനും, കുമരിയും, ഇച്ചിരിയും, ഇട്ടുണ്ണൂലിയും ഒക്കെ അവിടങ്ങളിൽ ഉണ്ട്. കേരളത്തിലെ നായന്മാരും പട്ടന്മാരും, കൊങ്ങിണിമാരും, നമ്പൂതിരിമാരും ഇല്ലാത്ത പ്രദേശങ്ങൾ ഇല്ല. സന്താനഗോപാലത്തിലെ അർജ്ജുനൻ, യമപുരിയിൽ ചെന്നപ്പോൾ "കള്ളുകുടിക്കും നായന്മാരുടെ പള്ളക്കിട്ടു കൊടുക്കുണ കണ്ടു" വത്രെ. ദുര്യോധനന്റെ വനത്തിലേക്കുള്ള ഘോഷയാത്രയിൽ അമ്പും വില്ലും ധരിച്ച നായന്മാരെ കൂടാതെ, "പട്ടാണികൾ പല ചെട്ടികളും കോമട്ടികളും പല പട്ടന്മാരും" ഒക്കെ ഉണ്ടായിരുന്നു. ഘോഷയാത്രക്ക് മുൻപ് സേനകൾക്ക് നലകിയ സദ്യയും തികച്ചും കേരളീയമായിരുന്നു:–

"ഇലവച്ചങ്ങു നിരന്നു തുടങ്ങി, വലിയരിവച്ചു വെളുത്തൊരു ചോറും
പലപല കറിയും പഴവും നെയ്യും നലമൊടു വളരെ വിളമ്പീടുന്നു.
വട്ടുഞ്ചക്കര ചേർത്തുകലക്കി ചട്ടം കൂട്ടിന തേങ്ങാപ്പാലും
ഒട്ടല്ലുണ്ണിനു വട്ടം പലവിധമിഷ്ടമറിഞ്ഞു കൊടുത്തീടുന്നു"

കാർത്തവീരാർജ്ജുനവിജയത്തിൽ രാവണൻ ചിത്രയോധിയെ അയച്ച് കാർത്തവീരാർജ്ജുനന്റെ അടുത്ത് ഉന്നയിക്കുന്ന ആവശ്യങ്ങളുടെ സാഹചര്യങ്ങളും കേരളീയമാണ്:–

"വിളവിൽ പാതി നമുക്കു തരേണം, മുളകു സമസ്തവുമേല്പ്പിക്കേണം;
തെങ്ങുകവുങ്ങുകൾ മാവും പ്ലാവും എങ്ങുമെനിക്കിഹ കണ്ടെഴുതേണം;
മാടമ്പികളുടെ പദവികളൊന്നും, കൂടുകയില്ലാ നമ്മുടെ നാട്ടിൽ;
വീടന്മാരും വിളവുകൾ നെല്ലുകൾ വിത്തിലിരട്ടി നമുക്കുതരേണം;
നാട്ടിലിരിക്കും പട്ടന്മാരും, നാലാക്കൊന്നു നമുക്കുതരേണം;
വീട്ടിലിരിക്കും നായന്മാർ പടവില്ലും കുന്തവുമേന്തിച്ചൊല്ലും-
വേലയെടുത്തു പൊറുക്കണമെല്ലാനാളും പാർത്താ ദശമുഖഭവനേ;
കള്ളുകുടിക്കും നായന്മാർക്കിടി കൊള്ളുന്താനുമതോർത്തീടേണം."

## സമൂഹവിമർശനം

സമൂഹത്തിലെ തിന്മകളെ തന്റെ ഫലിതം കലർന്ന ശൈലിയിൽ നമ്പ്യാർ വിമർശിക്കുന്നത് പലയിടത്തും കാണാം.

"രാജ്യകാര്യങ്ങളെ ക്ലേശിക്കയെന്നൊരു വ്യാജംനടിച്ചു സമസ്ത സാധുക്കളെ

> തേജോവധംചെയ്തു വിത്തമാർജ്ജിച്ചുകൊണ്ടാജീവനാന്തം കഴിക്കുന്നി
> തുചിലർ.”

എന്ന ഹരിണീസ്വയംവരത്തിലെ വിമർശനം ഭരണാധികാരികളേയും ഉദ്യോഗസ്ഥവൃന്ദത്തേയും ആയിരിക്കണം ലക്ഷ്യമാക്കിയത്.

> “വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ
> കാരസ്കരഘൃതം ഗുൽഗുലുതിക്തകം
> ചേരുന്ന നെയ്യുകളുമെണ്ണപൊടികളും
> സാരമായുള്ള ഗുളികയും കൈക്കൊണ്ടുചെ-
> ന്നോരോരോവിധം പണം കൈക്കലാക്കീടുന്നു.”

എന്ന് ധനമോഹികളായ വൈദ്യന്മാരെ വിമർശിക്കുന്ന ധ്രുവചരിതത്തിലെ ഭാഗം പ്രസിദ്ധമാണ്.

ഉദ്യോഗസ്ഥന്മാരെ സ്വാധീനിക്കാൻ ചിലപ്പോഴൊക്കെ, അവരുടെ കൊച്ചമ്മമാരോട് അടുത്തുകൂടുകയായിരുന്നു വഴി എന്ന അവസ്ഥ നമ്പ്യാർ ഹരിണീസ്വയംവരത്തിൽ സൂചിപ്പിക്കുന്നതിങ്ങനെയാണ്:–

> “സർവ്വാധികാരിയെക്കണ്ടാൽ നമുക്കിന്നു
> കാര്യങ്ങൾ സാധിക്ക വൈഷമ്യമായ്‌വരും.
> നാണിയെക്കണ്ടാലെളുപ്പമാമെന്നൊരു
> നാണിയം നാട്ടിൽ നടത്താതിരിക്കണം.”

കാര്യമായൊരു ജോലിയും ചെയ്യാതെ, ഊണും ഉറക്കവും, പരദൂഷണവും മറ്റുമായി നടക്കുന്നവരെ നമ്പ്യാർ പാത്രചരിതത്തിൽ വരച്ചുകാട്ടുന്നതിങ്ങനെയാണ്:–

> “ഉണ്ണണമെന്നും മുറങ്ങണമെന്നും,
> പെണ്ണുങ്ങളൊട്ടു രസിക്കണമെന്നും
> കണ്ണിൽക്കണ്ട ജനങ്ങളെയെല്ലാം
> എണ്ണിക്കൊണ്ടു ദൂഷിക്കണമെന്നും
> ഇത്തൊഴിലല്ലാതിപ്പരിഷക്കൊരു
> വസ്തുവിചാരമൊരിക്കലുമില്ല.”

## ലോകോക്തികൾ

മലയാളത്തിലെ പ്രസിദ്ധമായ പല ലോകോക്തികളും നമ്പ്യാർക്കവിതയിൽ നിന്ന് വന്നവയാണ്:–

- നെല്ലും പണങ്ങളുമുണ്ടെന്നുറച്ചിട്ടു കല്ലിലും പുല്ലിലും ഉുകിത്തൊടങ്ങൊലാ.
- കണ്ടാലറിവാൻ സമർഥനല്ലെങ്കിൽ നീ കൊണ്ടാലറിയുമതിനില്ല സംശയം.
- കൂനൻ മദിച്ചെന്നാൽ ഗോപുരം കുത്തുമോ?

തുടങ്ങിയവയുടെ ഉറവിടം കല്യാണസൗഗന്ധികമാണെങ്കിൽ, താഴെപ്പറയുന്നവ കിരാതത്തിൽ നിന്നാണ്.

- മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം.
- കനകംമൂലം കാമിനിമൂലം കലഹം പലവിധമുലകിൽ സുലഭം.
- തള്ളക്കിട്ടൊരു തല്ലു വരുമ്പോൾ പിള്ളയെടുത്തു തടുക്കേയുള്ളൂ.
- വല്ലാമക്കളിലില്ലാമക്കളിതെല്ലാവർക്കും സമ്മതമല്ലോ.
- ദുഷ്ടുകിടക്കെവരട്ടും വ്രണമതു പൊട്ടും പിന്നെയുമൊരു സമയത്തിൽ.
- എലിയെപ്പോലെയിരിക്കുന്നവനൊരു പുലിയെപ്പോലെ വരുന്നതു കാണാം.

## നമ്പ്യാർ നിരൂപണം

എല്ലാവിഭാഗം മലയാളികളുടെയിടയിലും ജനസമ്മതിയും അംഗീകാരവും നേടിയ കവി ആയിരുന്നിട്ടും നമ്പ്യാർ കവിത ശക്തമായി വിമർശിക്കപ്പെട്ടിട്ടുമുണ്ട്. നമ്പ്യാരുടെ 'സംസ്കാരലോപത്തെ'-പ്പറ്റി ഇരുപതാം നൂറ്റാണ്ടിലെ ഒന്നാംകിട മലയാള സാഹിത്യവിമർശകനായിരുന്ന കുട്ടികൃഷ്ണമാരാരും, പി.കെ.ബാലകൃഷ്ണനും പരാതിപ്പെട്ടിട്ടുണ്ട്.[1] ഇതിഹാസപുരാണങ്ങളിലെ കഥാപാത്രങ്ങളേയും സന്ദർഭങ്ങളേയും കേരളീയസാഹചര്യങ്ങളിൽ ഫലിതത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്ന നമ്പ്യാരുടെ രീതിയെ വാഗ്‌വ്യഭിചാരമായാണ് മാരാർ വിശേഷിപ്പിച്ചത്. കല്യാണസൗഗന്ധികത്തിലെ 'ഭീമ-ഹനുമൽസംവാദ' ത്തിന്റെ നിശിതമായ വിമർശനം മാരാരുടെ 'ഭാരതപര്യടനം' എന്ന പ്രഖ്യാതകൃതിയിലുണ്ട്.

നമ്പ്യാർ ഹനുമാനെ 'അങ്ങാടിക്കുളനും' ഭീമസേനനെ 'മേനിക്കണ്ടപ്പനും' ആയി തരംതാഴ്ത്തിയെന്ന് മാരാർ ആക്ഷേപിക്കുന്നു:—

> "പാണ്ഡവന്മാരുടെ തീർഥയാത്രയുടെ ഒടുക്കം ഗന്ധമാദനത്തിൽ വച്ചു പഞ്ചാലിക്കുവേണ്ടി സൗഗന്ധിപ്പൂക്കൾ തേടിപ്പോകുന്ന ഭീമസേനനെ, അദ്ദേഹത്തിന്റെ യുഗാന്തജ്യേഷ്ഠനായ ഹനുമാൻ വഴി തടഞ്ഞു പരിഹസിച്ച ഒരു സന്ദർഭമുണ്ടല്ലോ. അതിന്റെ പിന്നിലുള്ള അഗാധമായ ഭ്രാതൃവാത്സല്യത്തിന്നെതിരായി മഹാഭാരതത്തിൽ ഒരക്ഷരവുമില്ല. ഈ കഥയെടുത്തു നമ്മുടെ ഒരു 'ഹാസസാഹിത്യസാമ്രാട്ട്' എഴുതിയ തുള്ളലിൽ ആ സഹോദര

[1] കെ. പി. അപ്പൻ, സമയപ്രവാഹവും സാഹിത്യകലയും എന്ന പുസ്തകത്തിലെ "യുദ്ധക്കലികൊണ്ട കാലദർശനം" എന്ന ലേഖനം (പുറങ്ങൾ 58–64).

> സമാഗമം എന്തായിരിക്കുന്ന എന്നു നോക്കുക. അവിടെ ഹനുമാൻ വഴിപോകുന്നവരെ ചെന്നു തടഞ്ഞു വഴക്കുണ്ടാക്കി അവരെ പൊതിരെ തെറി പറഞ്ഞു വിടുന്ന അങ്ങാടിക്കുളനും, ഭീമസേനൻ എന്തു തെറി കേട്ടാലും നാണമില്ലാതെ ഒഴിച്ചുപോകാതെ അതിനൊക്കെ പകരം വീമ്പിളക്കുവാൻ മിനക്കെടുന്ന മേനിക്കണ്ടപ്പനുമായി മാറിയിരിക്കുന്നു. ഇത്തരം വാഗ്വ്യഭിചാരങ്ങളെ ഉൽകൃഷ്ടസാഹിത്യത്തിന്റെ പന്തിയിലിരുത്തുന്ന നമ്മുടെ വകതിരിവില്ലായ്മയെയാണ് ഞാനിവിടെ എതിർക്കുന്നത്."[2]

നമ്പ്യാരുടെ കാലദർശനത്തെ അപഗ്രഥിക്കുന്ന ഒരു പ്രബന്ധത്തിൽ മലയാളത്തിലെ മറ്റൊരു പ്രസിദ്ധനിരൂപകനായ കെ.പി. അപ്പൻ ഈ വിമർശനത്തിനു മറുപടി പറയുന്നതിനൊപ്പം നമ്പ്യാരെ "ഉന്നതജ്ഞാനിയായ...കോമിക് ജീനിയസ്", "ജ്ഞാനിയായ വിദൂഷകൻ", എന്നൊക്കെ വിശേഷിപ്പിക്കുന്നു:–

> "ദേവന്മാരേയും പുരാണകഥാപാത്രങ്ങളേയും സമകാലികതയുടെ ഹൃദ്യമായ കളങ്കത്തിലേക്കു കൂട്ടിക്കൊണ്ടു വരുക വഴി പുരാണകഥകളിലെ കാലത്തെയും സമകാലിക ചരിത്രകാലത്തേയും പരസ്പരം കലർത്തുകയാണ് നമ്പ്യാർ ചെയ്തു്. മനുഷ്യവർഷവും ദേവവർഷവും കൂടിക്കലരുമ്പോൾ ഒരു ദേവവർഷം അനേകം മനുഷ്യവർഷങ്ങൾ ചേർന്നതാണെന്ന കാലഗണന കീഴ്മേൽ മറിയുന്നു. ദേവവർഷവും മനുഷ്യവർഷവും ഒരേപ്രവാഹപാതയിൽ എന്നവണ്ണം ചലിക്കുന്ന അനുഭവം ഉണ്ടാകുന്നു. വായനയുടെ സർഗ്ഗാത്മകമായ വേളയിൽ രണ്ടിന്റേയും ഏകകാലികമായ നിലനില്പ് സ്പർശിച്ചറിയുന്ന നല്ല വായനക്കാരൻ ഒരേ ഘട്ടത്തിൽ രണ്ടു കാലങ്ങളിൽ ജീവിക്കുന്നു. ഈ സങ്കീർണ്ണമായ കാലദർശനം അവതരിപ്പിക്കാനുള്ള ഉപാധി ആയിരുന്നു നമ്പ്യാർക്ക് പുരാണങ്ങളും സമകാലിക ജീവിതവും. ഉപാധികൾക്കപ്പുറത്തേയ്ക്കു പോയി കറുപ്പും വെളുപ്പും പോലെ സുവ്യക്തമായി തെളിയുന്ന ഈ കാലദർശനത്തിൽ എത്താൻ കഴിയാതിരുന്നതു കൊണ്ടാണ് നമ്പ്യാർ എന്ന ഉന്നതജ്ഞാനിയായ കോമിക് ജീനിയസ്സിന്റെ സംസ്കാരലോപത്തെക്കുറിച്ച് മാരാരും പി.കെ. ബാലകൃഷ്ണനും പരാതി പറഞ്ഞത്."[2]

സാധാരണക്കാരുടെ ഭാഷയിൽ അവർക്കു വേണ്ടി എഴുതിയ ജനകീയ കവിയായി നമ്പ്യാർ കണക്കാക്കപ്പെടുന്നെങ്കിലും അദ്ദേഹത്തിന്റെ കവിതയുടെ സാമൂഹ്യപശ്ചാത്തലത്തിന്റെ പരിമിതികൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. സാഹിത്യം അധഃസ്ഥിതവിഭാഗങ്ങളിലെ മനുഷ്യരെ പൊതുവേ അവഗണിച്ചിരുന്ന കാലത്ത് എഴുതപ്പെട്ടതിനാൽ നമ്പ്യാരുടെ കവിത പോലും നായന്മാർ വരെയുള്ള ജനവിഭാഗങ്ങളെ മാത്രമേ കണക്കിലെടുത്തുള്ളു എന്നും

[2] വ്യാസന്റെ ചിരി – ഭാരതപര്യടനം — കുട്ടികൃഷ്ണമാരാർ.

അതിനു താഴെയുള്ള ജനങ്ങളെക്കുറിച്ചുള്ള സൂചനകൾ അദ്ദേഹത്തിന്റെ സൃഷ്ടികളിൽ വിരളമാണെന്നുമാണ് വിമർശനം.[3]

## നമ്പ്യാരെക്കുറിച്ചുള്ള ഫലിതകഥകൾ

നമ്പ്യാരുടെ ഫലിതോക്തികൾ പ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ സമകാലികനെന്ന് പറയപ്പെടുന്ന ഉണ്ണായി വാര്യരുമായുള്ള സംഭാഷണ ശകലങ്ങളെന്ന മട്ടിലുള്ള പല ഫലിതങ്ങളും തലമുറകളിലൂടെ വാമൊഴിയായി പകർന്നു ഇക്കാലം വരേയ്ക്കും എത്തിയിട്ടുണ്ട്. അസാധാരണമായ നർമ്മബോധവും കൗതുകമുണർത്തുന്ന ദ്വയാർത്ഥപരാമർശങ്ങളും ചേർന്ന അവ മലയാളികളുടെ ഫലിതശേഖരത്തിന്റെ പ്രിയപ്പെട്ട ഭാഗമായി തുടരുന്നു.

ആന ഇറങ്ങിയതുമൂലം കലങ്ങി കിടന്നിരുന്ന ഒരു കുളം കണ്ടപ്പോൾ വാര്യർ അതിനെ "കരി കലക്കിയ കുളം" എന്നും നമ്പ്യാർ "കളഭം കലക്കിയ കുളം" എന്നും വിശേഷിപ്പിച്ചു എന്നാണ് ഒരു കഥ. ആനയുടെ പര്യായങ്ങളായ കരി, കളഭം എന്നീ വാക്കുകൾ ഉപയോഗിച്ച് കുളം കലക്കിയത് ആനയാണെന്നാണ് രണ്ടുപേരും പറഞ്ഞതെങ്കിലും, ആദ്യശ്രവണത്തിൽ, കുളത്തിലെ വെള്ളത്തിന്റെ നിറം വ്യത്യസ്തരീതികളിൽ വർണ്ണിക്കുകയാണ് ഇരുവരും ചെയ്തതെന്നേ തോന്നൂ.

കുളിക്കാൻ പോകുന്ന സ്ത്രീയേയും ദാസിയേയും കണ്ടപ്പോൾ വാര്യർ "കാതിലോല?" (കാ അതിലോല – ആരാണ് അവരിൽ സുന്ദരി?) എന്നു ചോദിച്ചപ്പോൾ നമ്പ്യാർ "നല്ലതാളി" (നല്ലത് ആളി – തോഴിയാണ് കൂടുതൽ സുന്ദരി) എന്നു മറുപടി പറഞ്ഞു എന്നാണ് മറ്റൊരു കഥ. ഇവിടെ അർത്ഥം മനസ്സിലാകാത്തവർ ഈ സംഭാഷണത്തിൽ പരാമർശിക്കപ്പെട്ടത് യജമാനത്തി കാതിൽ അണിഞ്ഞിരുന്ന ആഭരണമായ ഓലയും ദാസി കയ്യിൽ കൊണ്ടുപോയിരുന്ന താളിയും ആണ് എന്നേ കരുതൂ.

കൊട്ടാരത്തിൽ നിന്ന് നമ്പ്യാർക്ക് ദിനംപ്രതി രണ്ടേകാൽ ഇടങ്ങഴി അരി കൊടുക്കാൻ മാർത്താണ്ഡവർമ്മ രാജാവ് കൊടുത്തിരുന്ന കല്പന ആ രാജാവിന്റെ മരണശേഷം വ്യത്യസ്തമായി വ്യാഖ്യാനിച്ച് കവിയെ ബുദ്ധിമുട്ടിക്കുവാൻ ഒരു ശ്രമം നടന്നത്രെ. രണ്ടേകാൽ എന്നതിന് രണ്ടുകാൽ ഇടങ്ങഴി അതായത്, ഇരുനാഴി അരി എന്നേ അർത്ഥമുള്ളൂ എന്നായിരുന്നു കലവറ അധികാരിയായ അയ്യരുടെ വ്യാഖ്യാനം. രണ്ടുനേരം ഉണ്ടാൽ മതിയെന്നിരിക്കേ, ഓരോ ഊണിനും, ഓരോ കാൽ ഇടങ്ങഴി (നാഴി) അരിവീതം രണ്ടുകാൽ ഇടങ്ങഴി മതിയാവും എന്ന് അവിടെയുണ്ടായിരുന്ന കലവറക്കാരൻ പണ്ടാല വിശദീകരണവും കൊടുത്തു. ഇതിൽ പ്രതിക്ഷേധിച്ച് നമ്പ്യാർ കാർത്തികതിരുനാൾ മഹാരാജാവിന് കൊടുത്ത പരാതി ഇങ്ങനെ ആയിരുന്നു:–

"രണ്ടേകാലെന്നു കല്പിച്ചു,
രണ്ടേ, കാലെന്നിതയ്യനും,

[3] പി.കെ. ബാലകൃഷ്ണൻ, എഡിറ്റു ചെയ്ത "നാരായണഗുരു" എന്ന ഗ്രന്ഥം (പുറം 20).

ഉണ്ടോ, കാലെന്നു പണ്ടാല
ഉണ്ടില്ലിന്നിത്ര നേരവും.”

ഈ പ്രതിക്ഷേധം രാജാവിന് ബോദ്ധ്യമായെന്നും, നമ്പ്യാർക്ക് അദ്ദേഹം സങ്കടനിവൃത്തി വരുത്തി എന്നുമാണ് കഥ.

# കിരാതം

ഹരിഹരതനയൻ തിരുവടി ശരണം
വിരവൊടു കവിചൊൽ വരമരുളേണം
മറുതലരടിയനൊടടൽ കരുതായ്‌വാൻ
കരുതുന്നേൻ കരുണാമൃതസിൻധോ!
കരി, കരടികൾ, കടുവാ, പുലി, സിംഹം
വനമതിൽനിന്നു വധിച്ചതുപോലെ
മറുതലർതമ്മെയൊഴിച്ചരുൾ നിത്യം
തകഴിയിൽ വാണരുളും നിലവയ്യാ!
അണിമതി കലയും തുമ്പയുമെല്ലാം
ഫണിപതി ഫണഗണമണികളുമണിയും
പുരരിപുതൻ പദകമലേ പരിചൊടു
പണിയുന്നവരുടെ പാലനശീലൻ
പ്രണയിനിയാകിന മലമകൾ താനും
പ്രണയസുഖേന രമിപ്പാനായി
ക്ഷണമൊരു കരിവരമിഥുനമതായി
ക്ഷണികമതാകിന വിഷയസുഖത്തിൽ
പ്രണയമിയന്നൊരു രസികൻമാരവർ-
പ്രണിഹിതകുതുകം വാഴുംകാലം
മണമിയലുന്ന മരപ്പൂങ്കാവിൽ
മണലിൽ നടന്നു മദിച്ചു മരങ്ങടെ-
തണലിലിരുന്നു രമിക്കുന്നേരം
ഗുണവതിയാമുമതന്നുടെ മകനായ്
ഗണപതിയെന്നൊരു മൂർത്തിവിശേഷം
പ്രണതജനങ്ങടെ വിഘ്നമൊഴിപ്പാൻ
പ്രണയിതകുതുകം വന്നുപിറന്നു.

ക്ഷണമാത്രം തന്തിരുവടിയടിയനു
ണ്ടണമാത്രം ചെയ്തീടുന്നാകിൽ
ഗുണപാത്രം ഞാനെന്നിഹ വരുവൻ
അണുമാത്രം മമ സംശയമില്ല
ഗണരാത്രങ്ങൾ കഴിഞ്ഞതിലങ്ങൊരു
കണമാത്രം പുനരുണ്ടായില്ല;
തൃണമാത്രം ബഹുമാനവുമില്ല
ധനവാൻമാരുടെ സഭയിൽ വരുമ്പോൾ
പരമാർത്ഥം പറയാമടിയന്നൊരു
പരനിൻദാദികൾ നാവിലുമില്ല.
പരിചൊടു സന്തതമംബരതടിനീ-
പുരിയിൽ വസിച്ചരുളീടിന ഭഗവാൻ
പരമാനന്ദംമയാകൃതി കൃഷ്ണൻ
പരദൈവതമടിയന്നനുകൂലം.
നരപതി കുലപതി ധരണീസുരപതി
നിരവധി ഗുണഗണ നിധിപതി സദൃശൻ
പെരുകിന ചെമ്പകനാടാകുന്നൊരു
സുരവരനാട്ടിലനാഹതരത്നം
പരിജനപാലനപരിചയശീലൻ
പരിപാലിച്ചരുളീടുകധീശൻ
ഗുരുനാഥൻ മമ ഗുണഗണമേറിയ
ധരണിസുരോത്തമനരുളുകമൂലം
സരസകഥാകഥനത്തിനെനിക്കൊരു
പെരുവഴിമാത്രം കാണാറായി;
കിള്ളിക്കുറിശ്ശി മഹേശ്വരനും പുന-
രുള്ളിലിരുന്നരുളുന്നു സദാ മേ;
തുള്ളലിനുള്ള രസങ്ങളറിഞ്ഞവ-
രുൾളം തന്നിൽ രസിച്ചീടേണം;
വെള്ളിച്ചുരികയിളക്കി പ്പലപല
പുള്ളിപ്പുലി കടുവാ മഹിഷാദിക-
ളുള്ള വനങ്ങളിൽ വേട്ടയുമാടി-
പ്പള്ളിക്റീഡാതൽപരനാകിന
തകഴിയിൽ വാണരുളീടിന ഭഗവാൻ
അളകാകൃതിയാം ഹരിഹരതനയൻ

സകല വരപ്രദനപ്രതിമാനൻ

സുകൃതിഗുണങ്ങൾ വരുത്തീടേണം;
കവിമാതാവേ! ദേവി സരസ്വതി!
കവിതാഭാവേ കാത്തരുളേണം.
സജ്ജനസഭയുടെ സുഭഗത്വംകൊ-
ണ്ടിജ്ജനമൊന്നു പ്രയോഗിക്കുമ്പോൾ
ദുർജ്ജനമെങ്കിലുമതിനെക്കൊണ്ടൊരു
ദൂഷണമൊരുവൻ ചൊല്ലുകയില്ല;
നല്ല ജനങ്ങടെ സഭയിൽ ചെന്നാൽ
വല്ലതുമവിടെശ്ശോഭിതമാവും;
മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടാമൊരു സൌരഭ്യം;
സുജനഗുണം കൊണ്ടുളവാകും ബഹു-
മാനവിശേഷം വരുമെന്നുള്ളതു
ഞാനൊരു പദ്യം ചൊല്ലാമായതു
മാനുഷരെല്ലാം കേട്ടറിയേണം

കർണ്ണാരുൻതുദമന്തരേണ രടിതം
ഗാഹസ്വ കാക! സ്വയം
മാകന്ദം മകരന്ദംശാലിനമിഹ
ത്വാം മൻ മഹേ കോകിലം
രമ്യാണി സ്ഥലവൈഭവേന കതിചി
ദ്വസ്തൂനി കസ്തൂരികാം
നേപാളക്ഷിതിപാലഫാലപതിതേ
പങ്കേ ന ശങ്കേത കഃ

"നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ വലിപ്പം പറവാൻ
പണ്ടൊരു കവിതക്കാരൻ പദ്യമ-
തുണ്ടാക്കി സ്തുതി ചെയ്തതു കേൾപ്പിൻ:
"പിതൃപിണ്ഡത്തെക്കൊത്തിത്തിൻമാൻ
കൊതിയേറുന്നൊരു കാക്കേ! കേൾ നീ
കൂരിരുൾ പോലെ കറുത്ത ശരീരം
ക്രൂരമിതയ്യോ! നിന്നുടെ ശബ്ദം;
പാരമസഹ്യം കേൾക്കുന്നോർക്കൊരു-
നേരവുമില്ലൊരു സൌഖ്യമിദാനീം;
കർണ്ണങ്ങൾക്കിതു കേൾക്കുന്നേരം

പുണ്ണിലൊരമ്പു തറച്ചതു പോലെ;
ഉരിയാടാതൊരു തേൻമാവിൻ മേൽ
മരുവുന്നാകിൽ നിനക്കിഹ കാക്കേ!
പെരുതായിട്ടൊരു ഗുണമുണ്ടായ് വരു-
മരുതാത്തതു പറകല്ല സഖേ! ഞാൻ;
കുയിലും കാകനുമൊരുനിറമെന്നതു
കുറവില്ലതിനു പലർക്കും ബോധം
നാദം കൊണ്ടേ നിങ്ങളു തമ്മിൽ
ഭേദമതുള്ളൂ ബലിഭോക്താവേ!
മാവിന്നഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയൊരു കോകിലമാകും
കാണികൾ നിന്നെക്കുയിൽ കുയിലെന്നൊരു
നാണിയമങ്ങു നടത്തിക്കൊൾളും;
ആയതു വരുമോ എന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ട!
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടം തന്നിൽ
ചേറുപിരണ്ടതു കണ്ടാലതു വില-
വേറില്ലാത്തൊരു കസ്തൂരിക്കുറി
എന്നല്ലാതൊരു മനുജൻമാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ;
കുങ്കുമമണിയും തിരുനെറ്റിക്കൊരു
പങ്കം പിരൾ വാനെന്തവകാശം?
ശങ്കര ശിവശിവ! ചേരാതുള്ളതു
ശങ്കിച്ചവനൊരബദ്ധക്കാരൻ
ഏറെപ്പോന്ന ജനങ്ങടെ പാലനു
ചേറെന്നുള്ളതിനെന്തവകാശം?
ചെളിയെന്നുള്ളതൊരുത്തനുപോലും
കളിയായിപ്പറവാനും മേല;
ജളനെന്നാലും സ്ഥലഭേദം കൊ-
ണ്ടുളവാകും ഗുണമെന്നിതിനർത്ഥം."

ശാസ്ത്രങ്ങൾ വ്യാകരണസൂക്തങ്ങൾ നല്ല തർക്ക-
വാദങ്ങൾ പിന്നെ ധർമ്മശാസ്ത്രങ്ങൾ പുരാണങ്ങൾ
വേദം ഗണിതം മൻത്രവാദം ചികിത്സാഗ്രന്ഥ-
ഭേദം ശാസ്ത്രവിദ്യാവിനോദമെന്നിവകളും

ആട്ടം കളികൾ പിന്നെച്ചാട്ടം ഞാണിൻമേലേറി,
ഓട്ടൻ തുള്ളലും പലകൂട്ടം ഗ്രഹിച്ചവനും,
കോട്ടം കൂടാതെ കവിക്കൂട്ടം ചമച്ചുണ്ടാക്കി
വാട്ടം കൂടാതെ വിദ്വൽക്കൂട്ടത്തെ ബോധിപ്പിപ്പാൻ
ഒട്ടമെളുതല്ലെന്നു ഞെട്ടും, സഭയെക്കണ്ടാൽ-
മുട്ടും മനസ്സു പാരം ച്ചുട്ടു പഠിച്ചതെല്ലാം
വിട്ടുപോമത്രയല്ല കിട്ടും പരിഹാസങ്ങൾ;
കെട്ടും കവികൾ ചിലർ കേട്ടും പ്രയോഗിക്കുമ്പോൾ
തട്ടുമ്മേലേറുന്നേരം തട്ടുമവനു ഭംഗം,
ഇഷ്ടം ലഭിക്കയില്ലനിഷ്ടം ലഭിക്കും താനും;
ഇത്ഥം വിചാരിക്കുമ്പോളിത്തൊഴിലെളുതല്ല
ചിത്തം ഗുരുക്കൻമാരിൽ നിത്യമുറപ്പിക്കുന്ന
സത്തുക്കൾക്കൊരു ഭാഗ്യമെത്തുമെന്നതേ വേണ്ടൂ.

ഉലകുടെ പെരുമാൾ വാഴുംകാലം
പല കുടിയില്ല ധരിത്രിയിലെങ്ങും
വില പിടിയാത്ത ജനങ്ങളുമില്ല
ചെലവിടുവാൻ മടിയൊരുവനുമില്ല;
തലമുടി ചൊടിയും പല്ലും മുഖവും
മുലയും കണ്ടാലഴകില്ലാത്തൊരു
ചലമിഴിമാരിലൊരുത്തരുമില്ല
മലയാളം പരദേശങ്ങളിലും;
സ്ഥലമില്ലാത്ത ഗൃഹങ്ങളുമില്ല
ജലമില്ലാത്ത കുളങ്ങളുമില്ല
ഫലമില്ലാത്ത മരങ്ങളുമില്ല
ഫലമില്ലാത്ത വിവാദവുമില്ല
ഓത്തില്ലാത്ത മഹീസുരരില്ല
കൂത്തില്ലാത്ത നടൻമാരില്ല
പോത്തില്ലാത്ത കൃഷിക്കാരില്ല
ചാർത്തില്ലാത്ത ധനവ്യയമില്ല;

ഭള്ളു പറഞ്ഞു നടക്കുന്നവരും
കള്ളു കുടിച്ചു മുടിക്കുന്നവരും
പൊള്ളു പറഞ്ഞു ഫലിപ്പിപ്പവരും
ഉള്ളിലസൂയ മുഴുക്കുന്നവരും
കള്ളൻമാരും കശ്മലജാതികൾ

ഉള്ളൊരു ദിക്കുകൾ കാൺമാനില്ല;
എൾളും നെല്ലും പൊന്നും പണവും
എങ്ങുമൊരേടത്തില്ലാതില്ല.
ഉത്തമഗുണനാമുലകുടെ പെരുമാൾ
ഇത്തരമവനിസുഖത്തെ വരുത്തി
പത്തനസീമനി പരമാനന്ദം
സ്വസ്ഥതയോടെ വസിക്കും കാലം;
ശാസ്ത്രിബ്രാഹ്മണനൊരുവൻ വന്നഥ
ശാസ്ത്രമൊരൽപം വായിച്ചൻ പൊടു
ധാത്രീശ്വരനെ ബ്ബോധിപ്പിച്ചതു
മാത്രം ഞാനിഹ കഥനം ചെയ്യാം:

ശ്രീമധുസൂദനഭക്തശിരോമണി
സോമകുലാംബുധി പൂർണ്ണശശാങ്കൻ
ഭൂമിപുരന്ദരനായ യുധിഷ്ഠിര-
ഭൂമിപനടവിയിലാദരവോടെ
ഭീമാദികളാമവരജരോടും
ഭാമിനിയാകിയ ദ്രൌപദിയോടും
മാമുനിമാരുടെ വേഷം പൂണ്ടഥ
യാമിനി തന്നിലുറക്കമിളച്ചു
“രാമ ഹരേ! വരദേ” തി മുദാ തിരു-
നാമജപങ്ങൾ മുടങ്ങീടാതെ
ആമയഹരരുചി തീർത്ഥജലങ്ങളി-
ലാമഗ്നൻമാരായി നടന്നു;
കൈതവരഹിതൻമാരവർ സുഖമൊടു
ദ്വൈതവനത്തിലിരിക്കും കാലം
കൈതവമിയലും കുരുകുല കുമതികൾ
ചെയ്തൊരു കള്ളച്ചൂതു നിമിത്തം
ജാതമതാകിന വൈരമൊഴിപ്പാ-
നേതൊരു മാർഗ്ഗം സമുചിതമെന്നായ്
ചേതസി കിമപി വിചാരിക്കുമ്പോൾ
പ്രീതനതാകിന വേദവ്യാസൻ
പരിചൊടു വന്നുപദേശം ചെയ്തു;
പരമേശ്വരനൊടു പാശുപതാസ്ത്രം

വിശ്വാസത്തൊടു വാങ്ങിക്കൊണ്ടഥ

ശത്രുജയത്തിനു വരവും വാങ്ങി
സത്വരമിങ്ങു വരേണം വിജയൻ;
വിരവൊടു പോകെന്നരുൾ ചെയ്തീടിന
വരവചനത്തെ കേട്ടഥ വിജയൻ
ഗുരുവന്ദനവും ചെയ്തു കരത്തിൽ
ശരവും വില്ലുമെടുത്തു തിരിച്ചു;
ഗിരിശൻ ഭഗവാൻ വാണരുളുന്നൊരു
ഗിരിയുടെ മുകളിൽ ചെന്നു കരേറി;
സുരവരതടിനീസലിലേ മുഴുകി
തരസാനിന്നു തപസ്സു തുടങ്ങി.
പഞ്ചായുധരിപു തന്നുടെ നാമം
പഞ്ചാക്ഷരമതു പഠനം ചെയ്തു
പഞ്ചാഗ്നികളുടെ നടുവിലനാരത-
മഞ്ചാതേകണ്ടവിടെ വസിച്ചു;
പഞ്ചാനനസമധീരനതാകിന
പാഞ്ചാലീപതി, പാണ്ഡുതനൂജൻ
പഞ്ചേൻദ്രിയവുമടക്കി, മനസ്സിൽ
സഞ്ചാരത്തിനു വഴികൾ മുടക്കി,
ചഞ്ചലഭാവവുമഖിലമകന്നു ക-
രാഞ്ചലയുഗളം മുകുളിതമാക്കി,
കിഞ്ചനസംശയമിടകൂടാതെ
നെഞ്ചിലുറച്ചു ശിവോഹമതെൻൻ
സഞ്ചിതഭാവവിശുദ്ധജ്ഞാനവു-
മഞ്ചിതമാകിന ശിവനുടെ രൂപം
അഞ്ചും മൂന്നും മൂർത്തികളുള്ളൊരു
സഞ്ചിതഗുണനാമഖിലേശ്വരനുടെ
ചെഞ്ചിടമുടിയും നിടിലത്തടവും
സഞ്ചിതപാവകനേത്രപ്രഭയും
ചഞ്ചലഫണമണികുണ്ഡലയുഗവും
പുഞ്ചിരി തഞ്ചിന തിരുമുഖവടിവും
ഗരളസ്ഫുരിതമഹാഗളതലവും
പരിലസിതംഫണി തിരുമാറിടവും
പരശുമൃഗാഭയവരദകടുൻതുടി
ശരശൂലാഞ്ചിത കരനാളികയും
കരിചർമ്മാവൃതവികടകടീതട-
പരിലസിതോരഗമണിമേഖലയും

പരിമൃദു തുടകളുമടിമലരിണയും
പരിചൊടു ചേതസി ചേർത്തു കിരീടി
പരമാനന്ദംസമുദ്രേ മുഴുകി
പരമേശ്വരനഹമെന്നുമുറപ്പി-
ച്ചുരുതരഭക്തി മുഴുത്തു മുനീശ്വര-
ചരിതത്തെക്കാളൊന്നു കവിഞ്ഞു;
ഫലമൂലാദികൾ ഭക്ഷണമില്ലാ
ജലപാനത്തിനുമാഗ്രഹമില്ലാ
നിലമതിലൊരു കാലൂന്നിക്കൊണ്ടൊരു
നിലയും നിഷ്ഠയുമെത്ര സുഘോരം!
വലരിപുസുതനുടെ ജടയുടെ നടുവിൽ
പലപല പക്ഷികൾ കൂടുകൾ കെട്ടി
കല, പുലി, പന്നികളെന്നിവ വൻനൃ
പലവുരു ചെന്നു വണങ്ങീടുന്നു;
ചുറ്റും വള്ളികൾ വന്നുടനിടയിൽ
ചുറ്റുന്നതുമവനറിയുന്നില്ല;
പുറ്റു ചുഴന്നു കിളർന്നതിനകമേ
ചുറ്റും വന്നുയരുന്ന പുറ്റിനകത്തു മുറ്റി;
ചുറ്റും പാമ്പുകൾ വന്നു നിറഞ്ഞു
മുറ്റും ജിഷ്ണു മറഞ്ഞുചമഞ്ഞു.

ചന്ദ്രക്കലാധരന്റെ സാന്ദ്രമാം സേവ ചെയ്‌വാൻ
ചന്ദ്രപ്രതിമൻ വീരൻ സാന്ദ്രപ്രസാദത്തോടെ
അന്നുള്ള ചങ്ങലകളഞ്ചും വെവ്വേറെയാക്കി
ആറിൽ കടന്നു പിന്നെ ഏഴുള്ള മാർഗ്ഗത്തൂടെ
എട്ടുള്ള പെട്ടകങ്ങളെട്ടും തുറന്നുവച്ചു
ഒമ്പതാം വാതിലപ്പോൾ ബന്ധനം ചെയ്തു ധീരൻ
പത്തുള്ള ദിക്കിൽക്കൂടെ പേർത്തും സഞ്ചാരം ചെയ്തു;
ആയിരമിതളുള്ള താമരയിതൾ പല
ഭൃംഗം പറന്നു പല ഭൃംഗികളായുൾളോരു
പിംഗലയിഡതന്നിൽ പിന്നെ സുഷുമ്നതന്നിൽ
ഒക്കെക്കടന്നു പിന്നെ ദുർഘടനദികളും
ജിഹ്വാഗ്രഖണ്ഡത്തിന്റെ അഗ്രേ കടന്നു വീരൻ;
സൂര്യന്റെ ദിക്കിൽചെന്നു സൂര്യപ്രതിമൻ ധീരൻ;

പഞ്ചാരപ്പായസങ്ങൾ കുടിക്കലർന്നിട്ടുള്ള-

തഞ്ചാതെ സേവചെയ്തു പായസപ്രിയസഖൻ.
അത്രഭയങ്കരമായ തപസ്സിനു-
പാത്രമതാകിയ പാർത്ഥൻ തന്നുടെ
വാർത്തകൾ കേട്ടഥ വാസവനുള്ളിൽ
ചീർത്തൊരു ഭീതി മുഴുത്തുതുടങ്ങി;
പാർത്ഥിവവരനിവനെന്നുടെ രാജ്യം
പാർത്തിരിയാതെ കരസ്ഥമതാക്കും
പാർത്തലമൊക്കെയടക്കി സുയോധന-
നോർത്താലിനിയതു വരുവോനല്ല;
സ്വർഗ്ഗമശേഷമടക്കാമെന്നൊരു
ദുർഗ്ഗർവ്വെന്നുടെ മകനു തുടങ്ങി
ഭർഗ്ഗനെ വന്നു തപസ്സു തുടങ്ങി
ദുർഗ്ഗതി നീക്കാമെന്നുമുറച്ചു;
തൻ കഴൽ വന്നു വണങ്ങുന്നവരുടെ
സങ്കടമൊക്കെയൊഴിക്കണമെന്നു
ശങ്കരനൊന്നു കടാക്ഷിക്കുമ്പോൾ
കിങ്കരരായ് വരുമിജ്ജനമെല്ലാം;
നിർജ്ജരരാജൻ നീയല്ലിനിമേൽ
അർജ്ജുനനിഹ ഞാൻ വാളു കൊടുത്തു
അച്ഛനടങ്ങിയിരിക്കേ വേണ്ടൂ
വെച്ചാലും വാളെന്നു ഗിരീശൻ
കൽപിച്ചെങ്കിലെറാനെന്നല്ലാ-
തിപ്പരിഷക്കൊന്നുരിയാടാമോ?
ഇത്തൊഴിലൊക്കെ വരുത്തും നമ്മുടെ
പുത്രൻ ഫൽഗുനനെത്ര സമർത്ഥൻ;
ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹ നൂനം;
തനയൻ ജനകനെ വഞ്ചന ചെയ്യും
ജനകൻ തനയനെ വധവും കൂട്ടും
അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും
മനുജൻമാരുടെ മാർഗ്ഗമിതെല്ലാം;
കനകം മൂലം കാമിനി മൂലം
കലഹം പലവിധമുലകിൽ സുലഭം;
ഉഗ്രത പെരുകിന ധൃതരാഷ്ട്റാത്മജ-
നഗ്രജനാകിയ ധർമ്മാത്മജനുടെ
നിഗ്രഹമല്ലാതുള്ളൊരു തൊഴിലുക

ളൊക്കെയെടുത്തു തടുത്തു വലച്ചും
പലരും കാൺകെ ദ്രൌപദിതന്നുടെ
തലമുടി പിടിപെട്ടടിയും കൂട്ടി
ഝടിതി പൊഴിച്ചും പുടവയഴിച്ചും
പൊടിയിലിഴച്ചും പൂജകഴിച്ചും
ദുശ്ശാസനനെന്നവനെപ്പോലെ
കശ്മലനായിട്ടൊരുവനുമില്ല;
മര്യാദയ്ക്കു നടക്കണമെന്നു
ദുർയോധനനൊരു ഭാവവുമില്ല;
ജ്യേഷ്ഠനിരിക്കെക്കുരുവംശത്തിൽ
ജ്യേഷ്ഠൻ ഞാനെന്നവനുടെ ഭാവം
ജ്യേഷ്ഠനെ നാട്ടിൽ കണ്ടെന്നാകിൽ
ചേട്ടകൾ തല്ലിപ്പല്ലു പൊഴിക്കും;
നാട്ടും നഗരവുമൊക്കെ വെടിഞ്ഞിഹ
കാട്ടും വാണു വലഞ്ഞു യുധിഷ്ഠിരൻ
അവനുടെ തമ്പി ധനഞ്ജയനിപ്പോൾ
ശിവനെസ്സേവ തുടങ്ങി പതുക്കെ;
ഭുവനം മൂന്നുമടക്കി വസിപ്പാ-
നവനുണ്ടാഗ്രഹമതു സാധിക്കും;
ശിവനും പിന്നെ സേവിപ്പോരെ
ശിരസികരേർറാനൊരു മടിയില്ല;
കുടിലതയുള്ളൊരു ചന്ദ്രക്കലയും
മുടിയിലെടുത്തു നടക്കുന്നിൽലേ?
ഭുവനദ്രോഹം ചെയ്‌വാനായി
ശിവനെച്ചെന്നു ഭജിക്ക നിമിത്തം
ഭവനം മൂന്നു ലഭിച്ച പുരൻമാർ
ഭുവനം മൂന്നും ഭസ്മമതാക്കി;
നമ്മുടെ മകനെന്നാകിലുമിങ്ങനെ
നിർമ്മര്യാദം ഭാവിച്ചാലതു
സമ്മതമല്ല നമുക്കൊരുനാളും
തൻ മതഭംഗം ചെയ്യേ പോരൂ;
തള്ളക്കിട്ടൊരു തല്ലു വരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളു;
തന്നേക്കാൾ പ്രിയമല്ല ജനത്തിനു
തന്നുടലീന്നു പിറന്നതു പോലും;
വല്ലാമക്കളിലില്ലാമക്കളി-

തെല്ലാവർക്കും സമ്മതമല്ലോ;
എന്നു മനസ്സിലുറച്ചുടനെ സുര-
സുന്ദരിമാരെ വിളിച്ചുവരുത്തി;
“സുരകുലതരുണിമനോഹരയാകിയ
സുരുചിരതരുണി തിലോത്തമയെങ്ങ്?
ഉർവശിയെങ്ങ്? മേനകയെങ്ങ്?
സർവ്വഗുണാംബുധി രംഭയുമെങ്ങ്?
സർവ്വരുമിങ്ങു വരട്ടേ നിങ്ങടെ
സാരസ്യാദി ഗുണങ്ങടെ ഭംഗികൾ
പാരാതൊരു ദിശി കാട്ടണമെങ്കിൽ
സംഗതി വരുമൊരു പുരുഷനുടെ വ്രത-
ഭംഗം ചെയ്‌വാനൊരു വഴിയുണ്ടാം;
നമ്മുടെ മകനാമർജ്ജുനനിപ്പോൾ
മൻമഥഹരനെസ്സേവ തുടങ്ങി;
നമ്മുടെ രാജ്യമടക്കിവസിപ്പാ-
നെൻ മകനുള്ളിലൊരാശ തുടങ്ങി;
ഭക്തപ്രിയനാം ഭഗവാനും പുന-
രൊത്ത വരങ്ങൾ കൊടുക്കും നിയതം;
സത്വരമവനുടെ ചിത്തമിളക്കാ-
നിത്തിരി പണിയെന്നാകിലുമുടനേ
ചെന്നതു സാധിച്ചില്ലെന്നാൽ പുന-
രെന്നുടെ പൌരുഷമൊക്കെ നശിക്കും;

ഉല്ലാസത്തോടേ നിങ്ങളെല്ലാമവിടെച്ചെന്നു
വില്ലാളിവീരനോടു സല്ലാപം പേശിക്കൊണ്ടു
മല്ലീവിശിഖനുടെ വില്ലിനെതിരായുള്ള
ചില്ലീവിലാസം കൊണ്ടു തല്ലി വശം കെടുപ്പിൻ;
കല്ലോലം പോലെയുള്ള നല്ലൊരു കൺമുനകൾ
മെല്ലെന്നവന്റെനേരെ ചെല്ലുന്ന നേരമുള്ളിൽ
തെല്ലും വികാരമുണ്ടായില്ലെന്നു വരത്തില്ലാ;
മുല്ലമൊട്ടിന്റെ ഭംഗി വെല്ലും നിങ്ങടെ നല്ല
പല്ലും ചൊടിയും മിഴിത്തെല്ലും കാണുന്ന നേരം
കല്ലും മയങ്ങിപ്പോമെന്നല്ലോ ജഗൽ പ്രസിദ്ധം;
കില്ല നമുക്കു ചെറ്റും ഇല്ലിതു നിങ്ങളങ്ങു
ചെല്ലുന്ന താമസമതല്ലാതെ മർറൊന്നില്ല;
നല്ലാർമണികൾ നിങ്ങളല്ലാതിന്നൊരുത്തരു-

മില്ലാ നമുക്കെന്നുള്ളതെല്ലാരും ബോധിക്കേണം;
വല്ലാതെ ശങ്കിച്ചിങ്ങു നില്ലാതെ ചെന്നടുത്തു

നല്ല കടാക്ഷം കൊണ്ടു കൊല്ലാക്കൊലചെയ്യേണം;
നല്ല പാട്ടുകൾ കൂത്തുമെല്ലാം പ്രയോഗിക്കുമ്പോൾ
നല്ല രസികൻ പാർത്ഥൻ മെല്ലവേ കൺമിഴിച്ചു
കല്യാണിമാരെക്കണ്ടാലില്ലാതെയാകും ധൈര്യം
ചൊല്ലാമന്നേരം കാര്യമെല്ലാം നമുക്കു വന്നു."
ഏവമരുൾ ചെയ്തോരു ദേവാധിരാജനുടെ
ഭാവമറിഞ്ഞുടനെ ദേവസ്ത്രീകൾ പറഞ്ഞു:
"നിന്തിരുവടിയുടെ ചിന്തിതം സാധിപ്പിപ്പാൻ
ദന്തിഗാമിനിമാർക്കെന്തു സൻദേഹം നിന്റെ-
യന്തികേ സർവ്വകാര്യം സാധിച്ചുപോരും ഞങ്ങൾ;
ചെന്തീയിൽചെന്നു ചാടി നീന്തീടാൻ കൽപിച്ചെന്നാൽ
അന്തരംഗത്തിലേതും അന്തരമില്ലിതിനു;
കുന്തീസുതന്റെ ചിത്തഭ്രാന്തി വരുത്താനൊരു
പന്തികൾ നിരൂപിച്ചാൽ സാധിക്കുന്നതുമല്ല;
എന്നുവരികിലുമതിന്നു മടികൂടാതെ
ചെന്നു സാധിച്ചുപോരാമെന്നു ധരിച്ചീടേണം;
കിന്നരൻമാരും കൂടെ പിന്നാലെ പോന്നീടേണം
പിന്നെ ഗന്ധർവൻമാരും മുന്നിൽ നടന്നീടേണം;
എന്നാലടിയങ്ങൾക്കു നന്നായ് വരുവാൻ വരം
തന്നാലും! തമ്പുരാനേ" "വന്നാലു" മെന്നു ചൊല്ലി
ഒന്നിച്ചു നാരീവൃന്ദം വന്ദിച്ചു വഴിപോലെ
നന്ദിച്ചു പുറപ്പെട്ടു മന്ദിച്ചീടാതെ തന്നെ.

സുരതരുണികളങ്ങു നടന്നു,
സുരഗിരികടകങ്ങൾ കടന്നു,
പരിമൃദുവചനങ്ങൾ തുടർന്നു,
പരിചൊടു മനമൊന്നു വിടർന്നു.

കുംഭതാളം

വരവാണിജനങ്ങടെ തലമുടി പടുതര-
മഴികയും- മലർ പൊഴികയും,
മണമൻ പൊടു വിലസുകയും,

ഹരിസുതനുടെ മുന്നിലടുത്തു,
സരസിജശരനൊന്നു കയർത്തു,
പരിചൊടു മലരമ്പു തൊടുത്തു.

വിധമൊന്നു പകർന്നു വിളങ്ങിനകാലം
പുലി കരടികളും — കുറുനരികളും
മറിമാനുകൾ പന്നികളും;

മദമിളകി നടന്നുതുടങ്ങി.
മലയുടെ തടമൊന്നു നടുങ്ങി,
മലയരുമുടനങ്ങു നടുങ്ങി,
പല വഴികളുമങ്ങു മുടങ്ങി,

സുരസുന്ദരിമാരഥ, മലഹരിബലഹരി
പാടുകയും — ചിലരാടുകയും
ഒളിമുഖവീണകളോതുകയും;
ഒളിമിഴിയുടെ ഭംഗി വരുത്തി,
തെളിവൊടു ചിലർ ചൂതു നിരത്തി,
കളിപുതുമ തുടങ്ങിയൊരുത്തി,
കളമൊഴികളെ മുന്നിലിരുത്തി,

കനിവോടു തുടർന്നിതു പടുതരമൊരുവക
താളവും — ചില മേളവും
ചില കൊട്ടുകൾ പാട്ടുകളും;
ഒരു കാമിനി വെർർല തെറുത്തു,
ഒരു സുന്ദരി പുഷ്പമിറുത്തു,
ഒരുവൾക്കതു കണ്ടു വെറുത്തു
ഒരുവൾക്കഥ മുഞ്ഞി കറുത്തു,
പല ഭാവമതിങ്ങനെ

ലക്ഷ്മി താളം

കാട്ടുന്നു — കനിയുന്നു
കാട്ടും പടലും — കടന്നു വലയുന്നു;
സുരതരുണികളൊന്നു തളർന്നും
നരവീരനെ മാടിവിളിച്ചും

സരസം പുനരൊന്നു കളിച്ചും
വിരവോടൊരു ദിക്കിലൊളിച്ചും
ചിലരൻ പൊട്ടു നെറ്റി ചുളിച്ചും
കലഹിച്ചു പറഞ്ഞിതു:

ലക്ഷ്മിതാളം

“കൊട്ടിന്നും — പാട്ടിന്നും
ഒട്ടും വിജയാ! നിനക്കു രസമിൽലേ?
അതിമോഹനമെന്നുടെ യാനം,
അതിശോഭനമെന്നുടെ ഗാനം,
ചിതമല്ലിതു നിന്നുടെ ധ്യാനം,
അതിലൊക്കെ നിനക്കഭിമാനം,
ഇതിനെന്തൊരു സംഗതി
കണ്ടാലും — കളിയൽലേ
തണ്ടാർമിഴിമാരശേഷമിഹ വന്നു;
തവ കണ്ണുകളാശു തുറക്കു!
നവ ലീല മനസ്സിലുറയ്ക്കു!
ശിവസേവയിലാശ കുറയ്ക്കു!
അവമാനമിതൊക്കെ നിനയ്ക്കു!
നരവീര! ധനഞ്ജയ!

വന്നാലും — വിരവോടേ
വാമാക്ഷിമാരെ വിരഞ്ഞു വിഹരിക്കാം.
പല്ലവാധരിമാരേക്കണ്ടാൽ
നല്ല വാക്കു പറഞ്ഞീടേണം
മുല്ലസായകതുൽയനാകിയ
നല്ല സുന്ദംരനല്ലയോ നീ

കുന്തീനന്ദനനായ ഭവാൻ
എന്തിനിങ്ങനെ ദു:ഖിക്കുന്നു?

പന്തണിക്കുളുർകൊങ്കമാരുടെ
ചന്തമമ്പൊടു കണ്ടാലും നീ
കണ്ണുകളായിരമുള്ളവനും
കണ്ണനും പ്രിയനായ ഭവാൻ

കണ്ണടച്ചതു വിണ്ണിലുള്ളൊരു
പെണ്ണുങ്ങൾക്കതിദണ്ഡമയ്യോ!
ഖാണ്ഡവത്തെക്കരിച്ചവനേ!
ഗാണ്ഡീവത്തെ ധരിച്ചവനേ
പാണ്ഡവാ! കളവാണിമാരുടെ
താണ്ഡവങ്ങളെ കണ്ടുകൊൾക.
വാശി ഒന്നും തുടങ്ങീടാതെ
വേശ്യമാരെ പരിഗ്രഹിക്ക
ഈശസേവയിലാശ വേണ്ട സു-
രേശനന്ദന! ക്ളേശമയ്യോ!"
ഇങ്ങനെ പലവിധമുര ചെയ്തും പുന-
രംഗജശരതതിയേറ്റു വലഞ്ഞും,
അംഗനമാരവർ ചെയ്തൊരു യത്നം
ഭംഗമതായി മനസ്സും മുട്ടി ;
അതിഘനഭാവസമാധയുറപ്പി-
ച്ചവിടെ സ്ഥിതനാമർജ്ജുനവീരൻ
ഇക്കഥയൊന്നുമറിഞ്ഞതുമില്ലവ-
നൽക്കടധൈര്യപയോധിഗഭീരൻ;
അർജ്ജുനമാനസബന്ധമൊഴിപ്പാ-
നിജ്ജനമോർത്താലെളുതല്ലെന്നിഹ
നിർജ്ജരനാരികളെല്ലാം തരസാ
ലജ്ജിതമാരായങ്ങു നടന്നു.
ഹസ്തിനപുരമതിലതുകാലം പല-
രൊത്തുവിചാരവുമങ്ങു തുടങ്ങി;
കാട്ടിലിരിക്കും ധർമ്മാത്മജനുടെ
പാട്ടിലിരിക്കും ബ്രാഹ്മണർ ചൊല്ലി-
ക്കേട്ടു വിശേഷം ദുർയോധനനും
കൂട്ടക്കാരും കുരുസഭ തന്നിൽ
മന്ത്രികളും യജമാനൻമാരും
യന്ത്രികളാകിന കർണ്ണൻ ശകുനി
"അന്തണവരരേ കാട്ടിലിരിക്കും
കുന്തീസുതരുടെ വാർത്തകൾ പറവിൻ";
"നാട്ടിലവർക്കു പുരസ്ഥിതിയേക്കാൾ
കാട്ടിൽ പെരുകിന പരമാനന്ദം ;"
"കാറ്റിൻ മകനുടെ കായമതിപ്പോൾ
കാറ്റും മഴകളുമേറ്റു വലഞ്ഞു

കൊറ്റിന്ന വകയില്ലാഞ്ഞിട്ടവനൊരു
കൊറ്റിപ്പക്ഷി കണക്കെ മെലിഞ്ഞു;"
"കൊറ്റിന്ന വകയില്ലെന്നോ? ശിവശിവ!
മാറ്റികൾ നിങ്ങൾക്കെന്തറിയാവൂ?
ഊറ്റക്കാർക്കൊരിടത്തും ചെന്നാൽ
ഊനം വരുമാറില്ലെന്നറിവിൻ."
"ഫലമൂലാദികൾ വളരെത്തിൻനാം
മലയിലതല്ലാതെൻതോന്നുള്ളൂ?"
"ഫലമില്ലാത്ത വിവാദം കൊണ്ടിഹ
കലഹിക്കുന്നതുമെന്തിന്ന വെറുതെ?
കറി നാലും കൂടാതൊരു ഭക്ഷണ-
മറിയുന്നില്ല വനങ്ങളിലെങ്ങും;"
"കറി വെപ്പാനെൻതുള്ളതു കാട്ടിൽ?
വിറകിന്ന മാത്രം മുട്ടില്ലവിടെ
അരിയും മോരും പാത്രവുമീവക-
യൊരു വസ്തുക്കളുമവിടെക്കിട്ടാ;
കൂറു പറഞ്ഞാൽ ബോധം വരുമോ
ചോറുണ്ണുന്നവരുണ്ടോ കാട്ടിൽ?"
"ചോറു തരും യജമാനൻമാരിൽ
കൂറുണ്ടായതു കുറ്റമതാണോ?
കാര്യം പറയാമറിയണമെങ്കിൽ
സൂര്യനവർക്കൊരു പാത്രം നൽകി;
എന്തൊരു വസ്തു നിരൂപിച്ചെന്നാൽ
അന്തരമില്ലതിലുണ്ടാമപ്പോൾ;
അരിയും വേണ്ടാ വിറകും വേണ്ടാ
കറിവെപ്പാനായൊന്നും വേണ്ടാ
ഉപ്പും വേണ്ടാ മുളകും വേണ്ടാ
വെപ്പാനുള്ളവരാരും വേണ്ടാ
നിരൂപിക്കുമ്പോൾ ചോറും കറിയും
പരിചൊടു പാത്രം തന്നിൽ കാണാം
ഇലയും പഴവും തൈരുമിതെല്ലാം
ചെലവഴിയാതവിടത്തിൽ കാണാം.
തോരൻ പരിപ്പുചാറും ചീരക്കറിയുമിഞ്ചി-
ത്തൈരും പച്ചടിയതിൽ ചേരും വേപ്പിലക്കട്ടി
നാരങ്ങാ മാങ്ങാ ചിലനേരം ശാപ്പാടിങ്ങനെ
ഓരോ ദിവസമോരോ ഘോഷം വിശേഷിച്ചുണ്ടാം

'കണ്ണൻ പഴവും പൊന്നിൻ കിണ്ണം നിറച്ച പാലും
വെണ്ണയും നല്ല ചോറും ഉണ്ണാതെ പോകുന്നതെന്തേ?
പൊണ്ണാ വന്നാലു' മെന്നീവണ്ണം വിളിക്കും ഭീമൻ
തിണ്ണം വഴിമേൽ വന്നു കണ്ണിൽ കണ്ടോരെയെല്ലാം;
ചക്രപ്രഥമനോടു വക്കാണിക്കുന്നവരെ
തക്കത്തിൽ വിളിച്ചില വയ്ക്കുന്നു ഭീമസേനൻ;
ഒക്കെപ്പറവതിനു വാക്കിന്നു ഭംഗി പോരാ
പാക്കിനും വെറ്റിലക്കും ശുക്കപുകയിലയ്ക്കും
ആർക്കും മുഷിച്ചിലില്ല പാർക്കും പരിഷകൾക്കു
ഭോഷ്കല്ലവിടെയുള്ള സൌഖ്യത്തിനതിരില്ല;

സമ്പത്തിങ്കലുമാപത്തിങ്കലു-
മെമ്പത്തെട്ടു സഹസ്രം ബ്രാഹ്മണ-
രെപ്പൊഴുമവരൊടുകൂടി നടക്കുമ-
തിൽപരമെന്തൊരു ഭാഗ്യം വേണ്ടൂ;
ഇപ്പോഴർജ്ജുനനവിടത്തില്ല
അൽപം നീരസമതുകൊണ്ടുണ്ട്."
"എങ്ങു ഗമിച്ചു ഫൽഗുനനിപ്പോൾ?"
"നിങ്ങളതാരും ബോധിച്ചിൽലേ?
പാരാശര്യൻ വന്നരുൾ ചെയ്തു
പാരാതെകണ്ടർജ്ജുനനിപ്പോൾ
മാരാന്തകനുടെ ചരണാംഭോരുഹ-
മാരാധിച്ചു തപം ചെയ്തുടനെ
പശുപതിതന്നൊടു പാശുപതാഖ്യം
ശരവും വാങ്ങി വരേണം വിജയൻ
അല്ലാതേകണ്ടരികളെയെല്ലാം

കൊൽ വാനെളുതല്ലെന്നരുൾ ചെയ്തു;
തെല്ലും മടികൂടാതേ പാർത്ഥൻ
വില്ലും ശരവുമെടുത്തു തിരിച്ചു
കൈലാസാചലമൂലേ ചെന്നഥ
കാലാന്തകനെസ്സേവ തുടങ്ങി:
ശരവും വാങ്ങിക്കൊണ്ടു ധനഞ്ജയ-
നൊരുമാസത്തിനകത്തു വരുമ്പോൾ
കുരുവംശത്തെ മുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലാ."

അന്തണരുടെ മൊഴി കേട്ടു സുയോധന-
നന്തസ്താപം വളരെ മുഴുത്തു;
"കൌന്തേയന്റെ തപസ്സു മുടക്കാ-
നെന്തൊരു കുസൃതി വിചാരിക്കേണ്ടു?
അമ്മാവന്റെ പ്രയത്നമിതെൻന്യേ
നമ്മാലൊരു കഴിവില്ലെന്നറിവിൻ;
ധർമ്മാത്മജനും സഹജൻമാർക്കും
ഉമ്മാനം വകയുണ്ടെന്നല്ലവർ ബഹു-
സമ്മാനങ്ങളുമാശു തുടങ്ങി
സമ്മോദാൽ മരുവുന്നിതുപോലും!
നിർമ്മാനുഷവിപിനത്തിലിരുന്നവർ
ധർമ്മം ചെയ്തു തുടർന്നതു കൊൾളാം!
അതിനേക്കാളൊരു ദുർഘടമിപ്പോൾ
അതിയായിട്ടു നമുക്കു ഭവിക്കും ;
ഹരനെച്ചെന്നു തപസ്സും ചെയ്തൊരു
ശരവും വാങ്ങി വരുമ്പോൾ വിജയൻ
കുരുവംശത്തെ മുടിപ്പാനുള്ളൊരു
പെരുവഴിയാമൊരു സംശയമില്ലാ."
വിരുതൻ ശകുനി പറഞ്ഞാനപ്പോൾ:
"മരുമകനേ! നീ ഖേദിക്കേണ്ടാ
നമ്മുടെ കൂട്ടിൽ പ്രാണനിരിക്കെ
ധർമ്മജനിവിടെ വരത്തില്ലുണ്ണീ!
മർമ്മം നോക്കിക്കൊണ്ടു ചതിപ്പാൻ
നമ്മെപ്പോലൊരു മാനുഷനില്ല;
മറുതല തല പൊക്കാതെയിരിപ്പാൻ
മരുമകനേ! ചില വിദ്യയെടുക്കാം;
അറുതി കൊടുപ്പാൻ കൂടീല്ലെങ്കിൽ
പൊറുതി കെടുപ്പാൻ ഞാൻ മതിയാകും;

ഏതും ഭയമില്ലെന്നുടെ കൈയിൽ
ചൂതും പടവുമിരിക്കുന്നുണ്ട് ;
വാതു പറഞ്ഞു പിടിച്ചു പറിപ്പാൻ
മാതുലനൊരു വിരുതുണ്ടു വിശേഷാൽ;"

കർണ്ണനുമതുകേട്ടൊന്നു പറഞ്ഞു:
"കർണ്ണസുഖം പറകല്ല നരേൻദ്രാ!

പൊണ്ണൻമാരുതി പോരിൽ മടങ്ങും
അണ്ണൻ ധർമ്മജനങ്ങനെ തന്നെ;
ഉണ്ണികൾ നകുലൻ സഹദേവനുമിഹ
പെണ്ണുനു തുൽയമിതൊക്കെയമർത്താം;
പാശുപതാസ്ത്രം വാങ്ങി ഫൽഗുന-
നാശു വരുമ്പോളിത്തിരി വിഷമം;
ക്ളേശത്തിനു പുനരർജ്ജുനനോടൊരു
വീശത്തിനു ഞാൻ കുറകയുമില്ല;
ഈശപ്രീതി ലഭിച്ചു വരുമ്പോൾ
ആശു തടുപ്പാനാരും പോരാ.
കീശദ്ധ്വജനുടെ ചിത്തമിളക്കാൻ
കൌശലമെന്തതു ചിന്തിച്ചാലും;
കിങ്കരഭടരെയയച്ചുടനവനുടെ
ശങ്കരസേവ മുടക്കാമെങ്കിൽ
സങ്കടമൊന്നു ഭവിക്കയുമില്ലിഹ
ശങ്കവെടിഞ്ഞു നിയോഗിച്ചാലും."
ആയതുകേട്ടു പറഞ്ഞു സുയോധന,-
"നായതിനൊന്നു പ്രയത്നം ചെയ്‌വാൻ
നായൻമാരെക്കൊണ്ടൊരു ഫലമി-
ല്ലായുധമുള്ളവർ തന്നെ ചുരുക്കം;
കള്ളു കുടിപ്പാനല്ലാതൊന്നിനു
കൊള്ളരുതാത്ത ജളൻമാരേറും;
തടിയൻമാരിവർ വീട്ടിലശേഷം
മുടിയൻമാർ ചിലരൊടിയൻമാരും
കുടിയൻമാരിവരെന്തിനു കൊൾളാം;
കറുപ്പു തിന്നുന്നവൻ വരുമ്പോൾ
വെറുപ്പു പാരം നമുക്കു തോന്നും;
കറുപ്പു താനെങ്കിലും കണക്കെ

'പുറത്തു നില്ലെ' ന്നിറക്കി നിർത്തും;
മറുത്തു വന്നാലവന്റെ കണ്ഠം
അറുത്തുകൊൾ വാൻ മടിക്കയില്ല;
ചെറുപ്പകാലത്തു ഞാൻ വരുത്തി-
പ്പൊറുപ്പതിന്നും കൊടുത്തു പെട്ടികൾ
തുറപ്പതിന്നും നമുക്കു വെറ്റില

തെറ്റുപതിന്നും തെളിഞ്ഞുനിൽക്കും
ചെറുക്കനും കൾ കുടിച്ചു വന്നാൽ
കുറുക്കനെപ്പോലടിച്ചു ദൂരെ-
പ്പറക്കമാറാകുംപ്രകാരം
മറക്കുവോളം പുറത്തു നാട്ടിൽ
കറുത്തു കീറിപ്പറിച്ച മുണ്ടും
തെറുത്തുകെട്ടി തരംകെടേണം;
തരത്തിലെന്റെ പുരത്തിലിപ്പോൾ
കരുത്തരായിട്ടൊരുത്തരില്ല
സമർത്ഥരെന്നു നടിച്ചു പാരം
തിമിർത്തു നിൽക്കും ജനങ്ങളേക്കൊ-
ണ്ടനർത്ഥമല്ലാതൊരിക്കലില്ല
കിമർത്ഥമേവം പറഞ്ഞിടുന്നു;
പെരുത്ത കാർയം വരുത്തുവാനി-
ന്നൊരുത്തനേ ഞാനുരത്തു വിട്ടാൽ
അരപ്പണം പോലെനിക്കു കിട്ടാ,
നിരപ്പിലെല്ലാം കരസ്ഥമാക്കും;
കടുത്തൊരിക്കൽ പിടിച്ചുകെട്ടി
കടുത്ത വെയിലിൽ കിടത്തുമപ്പോൾ
അടുത്ത തമ്പിക്കടുത്തവൻ വ-
ന്നടുത്തുടൻ വേർപെടുത്തുകൊൾളും;
കുറ്റമൊരേടത്തുണ്ടാകുമ്പോൾ
മറ്റവരെസ്സേവിച്ചു പൊറുക്കാം;
ജ്യേഷ്ഠനു തിരുവുള്ളക്കേടെന്നതു
കേട്ടാലനുജൻ രണ്ടോ നാലോ
കാട്ടുന്നേരത്തായാളവനുടെ
പാട്ടിലതായ് വരുമെന്നേ വേണ്ടൂ.
കൂട്ടത്തിൽ പലരുണ്ടാകുന്നതു
കോട്ടം നമ്മുടെ കൂട്ടക്കാർക്ക്,
നാട്ടിലിരിക്കും പരിഷകളേഷണി
കൂട്ടിത്തമ്മിൽ കലഹിപ്പിക്കും ;
ചോറു കൊടുക്കും യജമാനനെയൊരു
കൂറില്ലാർക്കും നമ്മുടെ നാട്ടിൽ
ഏറ്റു കൊടുപ്പാൻ തോന്നുമെനിക്കീ-
പ്പോറകൾ കാട്ടും തൊഴിലുകൾ കണ്ടാൽ;
ഈറ വരുമ്പോളിന്നതു ചെയ്യരു-

തെന്നു നമുക്കില്ലെന്നുടെ കർണ്ണാ!
എന്തിനു പലരെശ്ശണ്ഠയിടുന്നു
കുന്തീസുതനുടെ സേവ മുടക്കാ-
നെന്തൊരുപായമിതെന്നല്ലാതൊരു
ചിന്ത നമുക്കിഹ ചിതമില്ലിപ്പോൾ"
"മൂകാസുരനെച്ചൊല്ലിയയച്ചാ-
ലാകാത്തൊരു വഴിയില്ലിഹ ജ്യേഷ്ഠാ!
ഇശ്ശാസന സാധിക്കുമവൻ" ഇതി
ദുശ്ശാസനനും വന്നുര ചെയ്തു.
"എങ്കിൽ ചെന്നു വിളിച്ചു വരുത്തിൻ;"
മൂകൻ വന്നു വണങ്ങി ചൊന്നാൻ;
"മൂകൻ ഞാനിഹ കൽപന കേട്ടാൽ
ആകെച്ചെന്നു ജയിച്ചു വരുന്നേൻ;
നാകം മേദിനി പാതാളവുമിഹ
ലോകം മൂന്നിലുമുള്ള ജനത്തിനു
പാകം വരുവാനുള്ള വിധങ്ങളി-
ലേകം പോലും ഗ്രഹിയാതില്ല."

"ശകുനി പറഞ്ഞതു കൊൾളാ മൂകാ!
ശകുനം കൊൾളാമെന്നു നിനച്ചു
പുലരെ കട്ടുകവർന്നാലുടനെ
തല പോമെന്നതു ബോധിച്ചാലും;
നിർജ്ജനമാകിന ഹിമഗിരിവനമതി-
ലർജ്ജുനനുണ്ടു തപം ചെയ്യുന്നു
അവനെച്ചെന്നു വധിച്ചു വരാനുട-
നവകാശം വരുമെങ്കിലിദാനീം
കെൽപൊടു ഝടിതി ഗമിക്ക ഭവാനിഹ
കൽപന ഞാൻ പറയുന്നിതു മൂകാ!"
അതു കേട്ടവനും തൊഴുതറിയിച്ചു:
"അതു ഞാൻ സാധിച്ചിങ്ങു വരുന്നേൻ
ചതി കൂട്ടീടാൻ നമ്മെപ്പോലി
ക്ഷിതിയിലൊരുത്തരുമില്ല നരേൻദ്രാ!
തടിയൻ കിടിയുടെ വടിവു ധരിച്ചുട-
നടിയൻ ചെന്നിഹ മടികൂടാതെ
കണ്ണുമടച്ചു തപം ചെയ്യുന്നൊരു
പാണ്ഡുകുമാരൻ തന്റെ ശരീരം

വിരവൊടു ചെന്നു പിളർന്നു വരുന്നു-
ണ്ടരനിമിഷം കൊണ്ടസുരവരൻ ഞാൻ,”
ഇത്തരമവനൊടു സമയം ചെയ്തഥ
മത്തനതാകിയ മൂകൻ വലിയൊരു
പന്നിത്തടിയനതായിച്ചെന്നൊരു
കുന്നിൻ മുകളിലൊളിച്ചു വസിച്ചു.

ചമ്പതാളം

അമരവരതനയനുടെ യുരുതരതപോബലാൽ
ആകേ ദഹിച്ചുതുടങ്ങീ മഹീതലം
കരടി, കരി, ഹരി, ഹരിണ, ശരഭ, മഹിഷങ്ങളും
കാട്ടുതീ തട്ടിദ്ദഹിക്കും കണക്കിനേ;
മനുജനുടെ പരവശത വിരവിനൊടു കണ്ടുടൻ
മാമുനീന്ദ്രൻമാർ പുറപ്പെട്ടു മെല്ലവേ;
തരണിമുനി, ഹരിണമുനി, കുശികമുനി, യെന്നിവർ
വാമദേവൻ, ദണ്ഡി, നാരദൻ, വ്യാസനും,
കലശഭവമുനിതിലക, നധികനിശിതൻ തഥാ
കണ്വൻ, പുലസ്ത്യനും,പിന്നെ വാൽമീകിയും
പല മുനികളിവരധികമതിരയമിയന്നുടൻ
പാർവ്വതീകാന്തനെക്കാണ്മാൻ പുറപ്പെട്ടു;
വിരവിനൊടു രജതഗിരിയുടെ മുകളിലേറിനാർ,
വിശ്വൈകനാഥനെ വാഴ്ത്തിനിന്നീടിനാർ;
ഭുവനപതിഭവനമതിലിയലുമതിവീരരാം
ഭൂതങ്ങൾ ചെന്നങ്ങുണർത്തിച്ചു മെല്ലവേ:
“അരവകുലമതികലയുമണിയുമഖിലേശ്വരാ!
ആവലാതിക്കാർവരുന്നുണ്ടൊരുവിധം

രുചിരതരജടമുടിയുമധികമിഹ താടിയും
ചാരുരുദ്രാക്ഷവും യോഗപട്ടങ്ങളും
സുരമുനികൾ പലരുമുടനപി ച ജലപാത്രവും
മാമുനിമാരുടെ വേഷം മനോഹരം;
വിരവിനൊടു മുനികൾ തവ കഴലിണ വണങ്ങുവാൻ
കാലവും പാർത്തു വാഴുന്നു ബാഹ്യാങ്കണേ.”

ഇങ്ങനെയുള്ളൊരു ഗിരമാകർണ്യ

കഞ്ജശരാരിയുമരുളിച്ചെയ്തു;
“ആശ്റിതരാകിന താപസവരരെ
ആശു വരുത്തുക വിരവിനെടേ പോയ്.”
കിങ്കരവരരതു കേട്ടുടനെ മുനി-
സംഘങ്ങളെയും ചെന്നു വരുത്തി.

ചമ്പതാളം

മുനിവരരുമതുപൊഴുതു മുഹുരപി നമിച്ചുടൻ
മുഗ്ധേന്ദുചൂഡനോടേവമോതീടിനാർ;
“പരമശിവ! പുരമഥന! വരദ! കരുണാനിധേ
പാർവ്വതീകാന്ത! നമസ്തേ നമോസ്തു തേ!
കനകനിറമുടയഫണിനികരമണികുണ്ഡല!
കാലാര കാലാരിദേവ! നമസ്തേ നമോസ്തു തേ!
നിടിലതടനയനപുട! നിഹതകുസുമായുധ!
നിർമ്മലാകാര! നമസ്തേ നമോസ്തു തേ!
സകല സുരമുനി മനുജദനുജകുലവന്ദിത!
സർവ്വേശശംഭോ! നമസ്തേ നമോസ്തു തേ!

ദന്തിമഹാസുരനിധനം ചെയ്തൊരു
നിന്തിരുവടി വടിവോടറിയണം
കുന്തീസുതനുടെ നിയമമതാകിന
ചെന്തീക്കനലതിലയ്യോ! ശിവശിവ!
വെന്തിടുന്നു ജഗത്രയമെല്ലാം
നിന്തിരുവടിയറിയാത്തതുമല്ലാ;
ചിന്തിതമാകിയ വരദാനത്തിനു-
മെന്തിനു താമസമഖിലാധീശ!
ഭവനാം ഭഗവാൻ ത്രിപുരൻമാരുടെ
ഭവനം മൂന്നേ ചുട്ടതുമുള്ളു;
തവപദസേവിതനാകിയ പാർത്ഥൻ
ഭുവനം മൂന്നും ഭസ്മമതാക്കും;
അവനും പാരം മേനി മെലിഞ്ഞു
ശിവനേ! യൊരുപിടിയെൽലേയുള്ളൂ;
ദിവസംതോറും കൃശനായാൽ പുന-
രവസാനം വരുവാനുമടുത്തു;
‘വരമവനേകീലെന്നല്ലവനുടെ

മരണവുമാശു വരുത്തി മഹേശൻ;
തരമല്ലാത്തവനെസ്സേവിക്കരു-
തെ' ന്നൊരു ദൂഷണമങ്ങു ഭവിക്കും;
എന്തിനു ശിവനെസ്സേവിക്കുന്നു?
ചിന്തിതമൊന്നു ലഭിക്കയുമില്ല
അന്തം വരുവാനെളുതാം നമ്മുടെ
കുന്തീസുതനു പിണഞ്ഞതുപോലെ;
ശത്രുജയത്തിനു ശിവനെക്കണ്ടാ-
ലെത്രയുമെളുതെന്നൊരു മുനി ചൊല്ലി;
ആയതു നേരെന്നോർത്തൊരു ഭോഷൻ
രാവും പകലും മടി കൂടാതെ
കായക്ളേശം ചെയ്തു തുടങ്ങി
കായും കനിയും കൂടി വെടിഞ്ഞു
ഊണുമുറക്കവുമൊക്കെ വെടിഞ്ഞൊരു
ത്തുണു കണക്കേ നിന്നു ഭജിച്ചു ;
എങ്ങും ശിവനെക്കണ്ടതുമില്ലവ-
നങ്ങനെ നിന്നു മരിച്ചേയുള്ളു.
സേവിച്ചവരെ കൂറില്ലാത്തൊരു
ദേവൻമാരെച്ചെന്നു ഭജിച്ചാൽ
ഏവം ഫലമെന്നുള്ളപവാദം
കേവലമിന്നു ഭവാനു ഭവിക്കും;
നിങ്കലപശ്രുതി കേൾക്കുംപൊഴുതിൽ
സങ്കടമടിയങ്ങൾക്കു മഹേശാ!
ശങ്കരശംഭോ! ശതമഖതനയനു
ശങ്കരനായി വരേണം ഭഗവാൻ."

ലക്ഷ്മി താളം

"ശ്രീകണ്ഠ! ശിതികണ്ഠ: ശംഭോ ശരണം
ഫണീന്ദ്ര മണികണ്ഠ! ജയ ജയ!
വിശ്വേശ! വിജിതാശ! വിത്തേശസഖ!
പ്രസീദ പരമേശ! ജയ ജയ!"

കുംഭതാളം

"പരിഹതസുരരിപുമണ്ഡല! ഫണികുണ്ഡല!

പരിപാലയ! പാണ്ഡുസുതം;
മനസിജമദഭരഖണ്ഡന! ശശിമണ്ഡന!
മദവാരണദണ്ഡധര! ജയജയ!”

താളഭേദം

“ടങ്കവും മൃഗവും പരശ്ശുവും
തിങ്കളും തിരുനീർഫണികളും
ഗംഗയും ജടയും പലവിധം
മംഗലാഭരണം തവ വിഭോ!
ജയജയ! ഹരഹര!

പുരഹര പരമശിവ!
ജയജയ! ഹരഹര!”

കുണ്ടനാച്ചിതാളം

“മനക്കാമ്പിലുറയ്ക്കുന്നവർക്കെല്ലാം കൊടുക്കും
മടിക്കാതെ വരം നീ മഹാദേവ!
പടയ്ക്കും മിടുക്കുണ്ടായിവരുത്തീടുവാനസ്ത്രം
കൊടുക്കാതിരിപ്പാനെന്തഹോ കാരണം? ജയജയ!”

ചമ്പതാളം

“കരബലം തടിക്കും കുരുബലം മുടിക്കും
സുരകുലം പുകഴ്ത്തും —വരഫലം കരുത്തും
പലഗുണം വരുത്തും വിജയനു.”

പഞ്ചാരിതാളം

വിജയകരം വിപുലതരം
വിശിഖവരം വിമതഹരം
വിമലതരം വിതര! പരം
വിഹിതവരം ജയജയ!
ഹരഹര! പുരഹര! പരമശിവ!”

അടന്തതാളം

“തവ വര വരബലം കൊണ്ടും
ഗുരുതരം ശരബലം കൊണ്ടും
പുനരവൻ കരബലം കൊണ്ടും
ഘരതരം ഹരിബലം കൊണ്ടും
ഹരിസുതൻ വരബലം കൊണ്ടും
വിരുതനായി വരുമതേ വേണ്ടു.”

ഇത്ഥം മുനികളുടെ സിദ്ധാന്തമെല്ലാം കേട്ടു
മുദ്ധേന്ദുചൂഡൻ മൃദുമന്ദംസ്മിതവും തൂകി
ഉത്തരമൊന്നവർകൾക്കുൾത്താപം തീരുവാനാ-
യത്രമാത്രമെങ്കിലുമൊന്നരുൾ ചെയ്തിൽലേതും;
“ചെറ്റും തിരുമനസ്സിൽ പറ്റുന്ന ഭാവമില്ല,
കുർറം വരാതെ കണ്ടു തെർറെന്നു പോക നല്ല,
വമ്പുള്ള ഭൃംഗിരിടി വന്നു പുറത്തിറക്കും—
മുമ്പേ ഗമിച്ചുകൊൾകനൽലൂ നമുക്കെന്ന”വർ
കുമ്പിട്ടു കൂപ്പിത്തിരുമുമ്പിൽനിന്നിങ്ങു പോന്നു;
വമ്പിച്ച താപസൻമാരെല്ലാരുമൊരുമിച്ചു
ചിന്തിച്ചുറച്ചവരും പാർവ്വതീദേവിയുടെ
അന്തികേ ചെന്നുനിന്നുണർത്തിച്ചു വൃത്താന്തങ്ങൾ;
“കുന്തീതനയനെത്രനാളുണ്ടു സേവിക്കുന്നു
നിന്തിരുവടിയേതും ബോധിച്ചില്ലയോ ദേവി!
ചെന്തീകണക്കവന്റെ ദേഹം ജ്വലിച്ചീടുന്നു
വെന്തീടുമാറായല്ലോ മൂന്നു ഭുവനങ്ങളും;
ഇന്നു മുനികൾ ഞങ്ങൾ ചെന്നങ്ങുണർത്തിച്ചിട്ടും
ഒന്നമരുൾ ചെയ്യാഞ്ഞു പോന്നു ഞങ്ങളെല്ലാരും;
കുന്നിൻ മകളേ! നീ താൻ ചെന്നങ്ങുണർത്തിച്ചെന്നാൽ
നന്നായ് ഫലിക്കുമെന്നു തോന്നുന്നു ഞങ്ങൾക്കെല്ലാം;
തൃക്കൺമുനകൾ കൊണ്ടു വക്കാണിക്കുന്നനേരം
മുക്കണ്ണൻ തമ്പുരാന്റെ മുഷ്ക്കൊന്നു താണുപോകും;
ഇക്കണ്ട പുരുഷൻമാർ നെയ്ക്കുംഭം പോലെതന്നെ
മൈക്കണ്ണിമാരെല്ലാരും തീക്കട്ടയെന്നപോലെ;
ചൊൽക്കൊൾളും വിദ്വാൻമാരുരയ്ക്കുന്ന വാക്കിന്നുണ്ടോ
ഭോഷ്ക്കായ് വരുൻന്യ നീയിളകാതിരുന്നാൽ പോരാ;

ശ്രോത്രപ്രിയം പറക മാത്രമല്ലിതു നിന്റെ
നേത്രപ്രസാദമതിമാത്രം പ്രസിദ്ധമല്ലോ;
നേത്രം മൂന്നുള്ളവന്റെ ഗാത്രം പാതി മേടിപ്പാൻ
പാത്രമായല്ലോ നീയും ഗോത്രാധിരാജപുത്രീ!"
എന്നതുകേട്ടു ഗിരിനന്ദിനി ഭഗവതി
മന്ദംഹാസവും ചെയ്തു മന്ദംമൊന്നരുൾ ചെയ്തു!

"ഇന്നു ഞാൻ മടിയാതെ ചന്ദ്രശേഖരനോട്
എല്ലാമുണർത്തിച്ചീടാമൊന്നൊഴിയാതെതന്നെ
എന്നാലറിയാമല്ലേടോ എന്നേ പറഞ്ഞുകൂടൂ
എന്നോടും കോപിച്ചെങ്കിൽ അന്നേരം മാറിപ്പോരാം"
എന്നരുൾ ചെയ്തു ദേവി ചെന്നു ഗിരീശൻ മുമ്പിൽ
വന്ദനം ചെയ്തു നിന്നാൾ മന്ദംസ്മിതവും തൂകി.

പദം. ആനന്ദഭൈരവി — ചെമ്പട താളം

പല്ലവി

നിരുപമഗുണവസതേ! ശ്രീനീലകണ്ഠ!
നിശമയ മേ വചനം

അനുപല്ലവി

സുരവരസുതനെന്തേ വരമരുളീടാത്തു
പുരഹര നാഥ! വിഭോ!
സുരവരപരിനുതപദ! —

ചരണങ്ങൾ

1

പെരികെക്കാലമുണ്ടർജ്ജുനൻ ഭർത്താവേ! നിന്നെ
പരിചൊടു സേവിച്ചിടുന്നു
സുരപതിസുതനുടെ പരിഭവം പോക്കുവാൻ
പെരികെയുണ്ടാഗ്രഹം
സുരവരപരിനുതപദ!

2

ഘോരനിയമങ്ങൾ കാരണം, പാർത്ഥന്റെ ദേഹം

പാരം മെലിഞ്ഞുപോയയ്യോ!
പാരാതെ ചെന്നവന്ന പാശുപതാസ്ത്രം നൽകി-
പ്പോരേണമിന്ദുശേഖരാ!
സുരവരപരിനുതപദ!

3

ഊണുന്നറക്കവുമെല്ലാം വെടിഞ്ഞു കാട്ടിൽ
വാണു തപം ചെയ്തീടുന്നു
പ്രാണങ്ങൾ പോകും മുമ്പേ ബാണം കൊടുത്തീടേണം
ബാണന്റെ വാതിൽ കാത്തവനേ!
സുരവരപരിനുതപദ!

4

തിരുവുള്ളമെങ്കലുണ്ടെങ്കിൽ താമസിയാതെ
നരനിന്നു വരം നൽകേണം
അരയ്ക്കാൽ നാഴിക പോലും ഇളച്ചങ്ങിരുന്നുപോയാൽ
തരക്കേടു വന്നുകൂടുമേ.
സുരവരപരിനുതപദ!
ഗിരിവരമകളുടെ കളവചനം
പരിചൊടു കരുതിന പുരമഥനൻ
സരസമൊരു വചനമരുളി മുദാ:
"സരസിജായതദലസമനയനേ!
സുരവരസുതനുടെ മനസ്സിൽ മദം
പെരുതതു കരുതുക ഗിരിതനയേ!
പരവശമവനൊരു തരിമ്പുമില്ലാ
കരളിലഹമ്മതിക്കു കുറവുമില്ലാ
സുരകുലവരനുടെ തനയനെന്നും
സരസിജശരനൊടു സദൃശനെന്നും
സരസചരിതങ്ങളിൽ പടുത്വമെന്നും
മരുത്തിന്റെ മകനുടെ സഹജനെന്നും
കുരുപതികളിലേറ്റം പ്രസിദ്ധനെന്നും
മരുത്തിന്റെ മകനേക്കാൾ വലിപ്പമെന്നും
കരുത്തുള്ള പരിഷയിലധീശനെന്നും
ഗുരുത്വമുള്ളവർകളിൽ പ്രഥമനെന്നും
കരത്തിൽ വില്ലെടുത്തോരിൽ പ്രമുഖനെന്നും
ഗുരുക്കൻമാരേക്കാട്ടിൽ പ്രഥിതനെന്നും
നരകമഥനനോടു സഖിത്വമെന്നും
നരപതികളിലേറ്റം പ്രസിദ്ധനെന്നും
തരുണീകുലമണിക്കു രമണനെന്നും

തരണിഗുണമുടയ പുരുഷനെന്നും
ഇത്തരമുള്ളൊരു ഗർവ്വു ശമിപ്പാൻ
ഇത്തിരി പാകം വന്നേ തീരൂ
യുദ്ധം ചെയ്തു തളർച്ച വരുമ്പോൾ
ബുദ്ധിയിൽ നല്ല വിവേകവുമുണ്ടാം;
പാകം വന്നു പഴുത്തോരൊട്ടുകിനു
നീരു കെട്ടിയുറച്ചുചമഞ്ഞാൽ
ക്ഷാരം വച്ചു പഴപ്പിച്ചവിടെ
ദ്വാരം വച്ചു മൃദുത്വം വന്നാൽ
വ്യാധിയെടുത്തു കളഞ്ഞതിനകമേ
ശോധന ചെയ്താലുടനെതന്നെ
വരളാനുള്ള കുഴമ്പുമതിൻമേൽ
പിരളുന്നേരം താനേ വരളും ;
തരളാംബുജദളനയനേ! നിന്നൊടു
കുരള പറഞ്ഞിട്ടെന്തൊരു കാര്യം!
ദുഷ്ടു കിടക്കെ വരട്ടും വ്രണമതു
പൊട്ടും പിന്നെയുമൊരു സമയത്തിൽ;
ഒട്ടും വൈകാതവനൊടു യുദ്ധം
പെട്ടെന്നുണ്ടതു കണ്ടാലും നീ;
എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെ വരുന്നതു കാണാം
നോറ്റു വിശന്നുകിടക്കും ഫൽഗുന-
നേറ്റു വരുൻപോൾ ഭൂമി കുലുങ്ങും;
കാറ്റിൻ മകനുടെ സോദരനെന്നതു
കാട്ടിത്തരുവൻ കണ്ടാലും നീ;
കാട്ടാളാകൃതി കൈക്കൊണ്ടിഹ ഞാൻ
വേട്ടയുമാടി നടക്കുന്നേരം
കോട്ടം കൂടാതവനൊടു സമരം
കൂട്ടുവതിന്നും സംഗതിയുണ്ടാം;
മട്ടോലും മൊഴിയാളേ നീയൊരു
കാട്ടാളസ്ത്രീവേഷമെടുക്ക;
കൂട്ടക്കാരിവർ ഭൂതഗണം പല
കാട്ടാളൻമാരായി വരേണം
കുംഭോദരനും കുംഭീധരനും,
കുംഭാണ്ഡകനും കുംഭീലകനും,
സിംഹീരണനും, ശൂലാഗ്രലിപനും,

ശൂലാവൃതനും, കുംഭനികുംഭൻ
കുണ്ഡീവരദൻ കുഞ്ജരജംഘ-
നുദഗ്രൻ വീരൻ, ഗണ്ഡൂകാക്ഷൻ,
കണ്ഠീരവനും ഭൃംഗീരടിയും
ഘണ്ടാരവനും ഭയിർപ്പീരജനും
തുംഗരാജ, നസുരമർദ്ദനഭദ്രൻ
വീരഭദ്രനതിഭദ്രനുദഗ്രൻ
ഭൈരവൻ, മണിവരൻ, മണികണ്ഠൻ
നന്ദികേശ്വരനിവർക്കെജമാനൻ
നന്നിതൊക്കെ വനചാരികളാവാൻ;
ശ്വാക്കളായി ചിലരൊട്ടു കുരച്ചും
പോർക്കു പോലെ ചിലരൊട്ടു തടിച്ചും
വെക്കമമ്പൊടു നടപ്പിനശേഷം
തക്കമിന്നു മമ വേട്ടകളാടാൻ.”
ഇത്തരമരുളിച്ചെയ്തു മഹേശൻ
സത്വരമങ്ങൊരു വനചരനായി
തത്ര സുവർണ്ണകവർണ്ണശരീരൻ
തത്ര വിളങ്ങി വിശേഷമനോജ്ഞം;
ജടമുടി നല്ലൊരു തലമുടിയായി
നിടിലത്തിരുമിഴി തിലകമതായി
ഫണിമണി മാലകൾ പീലികളായി
ഫണിപതി വാസുകി കടകമതായി
അസ്ഥികൾ ശംഖാഭരണവുമായി
അത്തൊഴിൽ കണ്ടാലെത്ര മനോജ്ഞം;
കരിത്തോൽ നല്ല കറുത്ത ദുകൂലം
വരിത്തോൽ ഭുജഗം പൊന്നരഞ്ഞാണം
വെൺമഴ ശൂലം ചാപം ശരവും
വെൺമയിലവ പുനരങ്ങനെയല്ലോ;
കുന്നിൻ മകളുമതിന്നനുകൂലം
കുന്നിക്കുരുകുലമാലയണിഞ്ഞു
ഒട്ടു കറുത്തൊരു പുടവയുടുത്തു
കൊട്ടയെടുത്തൊരു കോലുമെടുത്തു
ശങ്കരഭാമിനി കൈകളിലങ്ങഥ
ശംഖുംമുട്ടുകുകൾ കൊണ്ടു നിറച്ചു
മെച്ചമിയന്നൊരു കൈവിരൽ പത്തിനു
പിച്ചളമോതിരമിട്ടു വിളങ്ങി;

നടന്നു കാനനതടത്തിലമ്പൊട്ടു
കടന്നു വേട്ടകൾ തുടങ്ങി, നല്ലൊരു
കറുത്ത പട്ടുകളുടുത്തുകൊണ്ടിരു
പുറത്തു തൊങ്ങലു നിരത്തിയൻ പൊട്ടു
ഉരത്ത കാർമുകമെടുത്തു താൻ കണ-
തൊടുത്തു കാനനതടത്തിലെത്തിന
കടുത്ത പന്നികളടുത്ത പോത്തുകൾ
അടക്കമെന്നിയെ നടക്കുമാനകൾ
തുടങ്ങിയിങ്ങനെ മൃഗങ്ങളിൽ വിട-
ത്തുടങ്ങി ലീലകളൊടുങ്ങി കേഴകൾ.
“പാണ്ടൻ നായുടെ പല്ലിനു ശൌർയം
പണ്ടേപ്പോലെ ഫലിക്കുന്നില്ലാ;
പണ്ടിവനൊരു കടിയാലൊരു പുലിയെ-
ക്കണ്ടിച്ചതു ഞാൻ കണ്ടറിയുന്നേൻ;
കാളൻ നായും കാട്ടിൽ വരുമ്പോൾ
കോളല്ലാതൊരു പേടി തുടങ്ങും
വീട്ടിൽ വരുന്നവരെപ്പലരേക്കടി-
ച്ചൂട്ടിയ ചെണ്ടക്കാരനെ ഞാനൊരു
കൂട്ടിലതാക്കി ചങ്ങലയിട്ടഥ
പൂട്ടിപ്പിന്നെക്കഞ്ഞി കൊടുക്കും;
വെള്ളൂ, വാ വായെന്നു വിളിച്ചാൽ
തൊള്ള തുറന്നു പറന്നു വരും താൻ
കള്ളനു തുള്ളി കഞ്ഞികൊടുപ്പാ-
നുള്ളൊരുപായം കാൺമാനില്ല;
കാറ്റും കൊണ്ടവനെപ്പൊഴുമങ്ങനെ
കുറ്റൻ പോലിറയത്തു കിടക്കും
തിൻമാനല്ലാതൊന്നിനുപോലും
നമ്മുടെ വീട്ടിൽ കാൺമാനില്ല
വണ്ണൻ വാഴകണക്കെ തടിച്ചൊരു
പൊണ്ണൻ നായുണ്ടെന്നുടെ വീട്ടിൽ
അണ്ണനുമാത്രം ചോറണ്ടവിടവ-
നുണ്ണുമ്പോൾ നല്ലുരുള കൊടുക്കും;
പന്നിയിറച്ചികൾ പണ്ടേ വേണ്ടാ
ദുർന്നിലകൊണ്ടൊരു പൊറുതിയുമില്ലാ;
കുറിച്ചെവിയൻ നായേക്കൊണ്ടൊരു

കർറം പറവാൻ കാണുന്നില്ലാ;
വേട്ടയ്ക്കായി വിളിക്കുന്നേരം
ചേട്ടക്കാരനു ചെവിയും കേളാ
വേട്ടക്കാർക്കു വിളിച്ചു കൊടുത്താൽ
ചേട്ടൻ കേട്ടാൽ കലശലു കൂട്ടും.”
ഇത്തരമൊരുവക കാട്ടാളൻമാർ
ചിത്തരസേന പറഞ്ഞു ചിരിച്ചും
ഒക്കെച്ചാടിക്കാടു തകർത്തും
ബദ്ധപ്പെട്ടു നടന്നു തിമിർത്തും
ചാടിവരുന്ന മൃഗങ്ങളെയെല്ലാം
കുത്തിക്കൊന്നു കളിച്ചു പുളച്ചും
ചത്തമൃഗത്തെക്കെട്ടിയെടുത്തും
മത്തഗജത്തെച്ചെന്നു തടുത്തും
വരിയൻ പുലിയെച്ചുരികകൾ കൊണ്ടും
കരടിമൃഗത്തെപ്പരിഘം കൊണ്ടും
ദന്തികുലത്തെക്കുന്തംകൊണ്ടും
ബാലമൃഗത്തെ വേലുകൾ കൊണ്ടും
വ്യാഘ്റകുലത്തെ ചക്രം കൊണ്ടും
വ്യാളമൃഗത്തെ വാളുകൾകൊണ്ടും
മർക്കടവരരെ കർക്കട കൊണ്ടും

ഗന്ധമൃഗത്തെഗ്ഗദയെക്കൊണ്ടും
ഖഡ്ഗമൃഗത്തെ ഖഡ്ഗം കൊണ്ടും
കണ്ഠീരവരെ മുസൃണ്ഠികൾ കൊണ്ടും
കാട്ടും പടലു കടുത്തിലകൊണ്ടും

തെരുതെരെയങ്ങു വധിച്ചുതുടങ്ങി
വിരുതു പെരുത്തൊരു ഹരഭൃത്യൻമാർ;
തടിയൻ പന്നിയെ വെടിവെപ്പാനാ-
യൊരുവൻ ചെന്നൊരു പടലിലൊളിച്ചു

പടലിൽ കണ്ടതു പന്നിയതെന്നൊരു
ഭടനൊരു വെടിയും വച്ചാനുടനെ
തടിയൻ വെടികൊണ്ടവിടെ മറിഞ്ഞു
ഓടിച്ചെന്നിതു വെടി വച്ചവനും

ആ കിടിയല്ലിവനയ്യോ! നമ്മുടെ
മക്കടെ മാതുലനിങ്ങനെ കർമ്മം!
മലയൻമാരൊരുദിക്കിൽ ചെന്നു
വലയും കെട്ടിപ്പാർക്കുന്നേരം
കലയെക്കണ്ടു ഭയപ്പെട്ടൊരുവൻ
തലയും കുമ്പിട്ടോടിപ്പോയി
വലയിൽപ്പെട്ടു വലഞ്ഞതു കണ്ടു
മലയനൊരമ്പു പ്രയോഗിച്ചുടനെ
തലയിൽക്കൊണ്ടു തറച്ചു വിറച്ചൊരു
ഫലമില്ലാതെ മരിച്ചാൻ ഭോഷൻ;
നായൻമാരുടെ നായാട്ടിങ്കല-
പായം പലവിധമിങ്ങനെയുണ്ടാം.
ആയതിനൊന്നും സംഗതിയില്ല വി-
നായകജനകൻ കളിയാടുമ്പോൾ.

കാട്ടാളരാജൻതാനും കാട്ടാളസ്ത്രീയും തന്റെ
കൂട്ടാളിവൃന്ദംത്തോടേ വേട്ടവിനോദം പൂണ്ടു
കുന്തീകുമാരനുടെ അന്തികം തന്നിൽച്ചെന്നു
പന്തി നിരന്നുനിന്നങ്ങന്തിയും വന്നണഞ്ഞു;

തടിച്ചോരു പന്നിവേഷം നടിച്ചോരു മൂകാസുരൻ
കടുത്തോരു കോപത്തോടങ്ങടുത്തു പാർത്ഥനെക്കൊൽവാൻ
ഉരത്ത പന്നിക്കുറ്റന്റെ പെരുത്ത ഘോഷങ്ങൾ കേട്ടു
കരുത്തുള്ളർജ്ജുനൻ തന്റെ ഗുരുത്വംകൊണ്ടതുനേരം
അഴിച്ചു സമാധി നേത്രം മിഴിച്ചു നോക്കുന്നേരം
ഉറച്ചു തന്നുടെ ദേഹം മറച്ചുകൊണ്ടൊരു ശത്രു
ചതിച്ചു നമ്മെക്കൊല്ലുവാൻ കുതിച്ചുവന്നിതു മൂഢൻ
വധിപ്പാൻ വരുന്നവനെ വധിച്ചാൽ മൽഗുരുനാഥൻ
വിധിച്ച കർമ്മങ്ങൾക്കേതും വിരുദ്ധമല്ലതു നൂനം
പടുത്വമോടേവം ചിന്തിച്ചെടുത്തുഗാണ്ഡീവംകൈയി-
ലെടുത്തു നല്ലോരു ബാണം തൊടുത്തു കോപം നടിച്ചു.
ഘോണിത്തടിയനെ നോക്കിയയച്ചൊരു
ബാണമതുൽക്കടമക്കിടിതന്നുടെ
ഘോണാം ചെന്നു പിളർന്നൊരു നേരം
പ്രാണങ്ങൾക്കു പ്രയാണമടുത്തു;
സംഗതി കൊൾളാമെന്നുമുറച്ചി-

ട്ടംഗജരിപുവും ബാണമയച്ചു;
പൃഷ്ഠേ ചെന്നു തറച്ചൊരു ബാണം
പൃഷ്ഠം ഝടിതി പിളർന്നു തിരിച്ചു
വന്നു പതിച്ചെന്നോർത്തു കിരീടി
ചെന്നു കരത്തിലെടുത്തൊരു സമയം
വന്നു സമീപേ നിന്നു കിരാതൻ
ഒന്നു കയർത്തു പറഞ്ഞുതുടങ്ങി:
"നമ്മുടെ ബാണം മോഷ്ടിപ്പാനോ
ദുർമ്മതി വന്നു തപം ചെയ്യുന്നു?
അമ്പുകളില്ല നിനക്കെന്നാലതി-
നമ്പുകൾകൊണ്ടു വരുത്തിക്കോ നീ;
അമ്പൊടു നമ്മൊടു യാചിച്ചാൽ പ-
ത്തമ്പതു കണകൾ തരുന്നുണ്ടിഹ ഞാൻ;
കട്ടു കവർന്നാലുടനേ തന്നെ
വെട്ടും തരുമതു സംശയമില്ലാ.
ഭള്ളു നിനച്ചിഹ കണ്ണുമടച്ചൊരു
കള്ളൻ നിന്നു തപം ചെയ്യുന്നു
കൊൾളാമിതുമിന്നിതു വഴിപോക്കർ-
ക്കുള്ള ധനങ്ങൾ പിടിച്ചുപറിപ്പാൻ;
പകൽ കഴിവോളം കപ്പാനെങ്ങും
കഴിവില്ലാഞ്ഞു തപോധനഭാവം
അർക്കൻ പോയി മറഞ്ഞൊരു സമയേ
തസ്കരണത്തിനു സമയം നോക്കും
ദിക്കുകളൊക്കെ നടന്നു ദിനേശ-
നുദിക്കുംമുമ്പേ വന്നു കുളിക്കും
കണ്ണുമടച്ചു വിചാരിക്കുന്നതു
പൊന്നുൾളേടം പണമുൾളേടം
പെണ്ണുൽലേടമതല്ലാതിന്നൊരു
നിനവു നിനക്കില്ലെന്നൊരു കഷ്ടം!
നാണം കൂടാതയ്യോ! നമ്മുടെ
ബാണം കട്ടവനേതിൽ കൂട്ടം?
ആണുങ്ങൾക്കു പിറന്നവനെങ്കിൽ
പ്രാണത്തേക്കാൾ നാണം വലുതേ."
വ്യാധവചസ്സുകൾ കേട്ടുടനപ്പോൾ
ക്റോധമിയന്നുരചെയ്തു കിരീടി:
"നില്ലെട വേടാ, നിന്നുടെ പല്ലുകൾ

തല്ലിയുതിർപ്പാൻ ഞാൻ മതിയാകും
ഇല്ലൊരു സംശയ" മെന്നു പറഞ്ഞു
വില്ലു വലിച്ചു കുലച്ചു കിരീടി
നല്ലൊരു ബാണമെടുത്തു തൊടുത്തു
മുല്ലശരാരിക്കിട്ടഥ വിട്ടു.
തെല്ലും പഴുതാതവനുടെ നേരെ
ചല്ലുന്നതു കണ്ടംബരചാരികൾ
അല്ലൽ മുഴുത്തു വിരണ്ടു തുടങ്ങി
തെല്ലു കുലുങ്ങീലന്തകവൈരി;

വില്ലിൻ മുനകൊണ്ടവനുടെ ബാണം
തല്ലയൊടിച്ചു പൊഴിക്കണ കണ്ടു;
അതു കണ്ടപ്പോളതിപരുഷത്തോ-
ടതിലധികം ശരവരിഷഞ്ചെയ്തു
അതിശയമവനുടെ ശരനികരത്താൽ
കതിരവനുടെ കിരണങ്ങൾ മറഞ്ഞു.

നാടു നടുങ്ങി, നാലു നിലയും കുലുങ്ങി, മാനും
കലയും നടുങ്ങി, തമ്മിൽ കലഹം മുഴുത്തനേരം
മലമകളതുനേരം തലയുമഴിഞ്ഞു കുത്തു-
മുലയും തുളുമ്പിച്ചെന്നു കലഹം ശമിപ്പിപ്പാനായ്
പലവാക്കുമരുൾ ചെയ്തു ഫലമില്ലെന്നോർത്തു മാറി
പരിചോടേ പാർവ്വതിയും, കലശൽ പിന്നെയുമേറി.
മലമകൾ ഭഗവതി പുനരതുനേരം
വലരിപുസുതനുടെ ബാണമശേഷം
മലർസമമാകെന്നരുളിച്ചെയ്തു
മലർശരനായി മഹേന്ദ്രതനൂജൻ;
ശരധിയിലൊരു ശരമില്ലാതാകെ-
ന്നരുൾ ചെയ്തു ഗിരിനന്ദിനിയപ്പോൾ
ഇല്ലെന്നാകിൽ ശരവും വേണ്ടാ
നല്ല തരം പുനരെന്നു കിരീടി
വില്ലുവലിച്ചഥ തല്ലു തുടങ്ങി
മുല്ലശരാരിയെ വിരവൊടു പാർത്ഥൻ;
ഹരനുടെ ജടയിൽ കുടികൊണ്ടീടിന
സുരനദിയാകിയ ഭഗവതിയപ്പോൾ
വലരിപുസുതനുടെ വില്ലു പിടുങ്ങി-

ത്തരസാ തന്നുടെ തിരയിലൊളിച്ചു
ചാപം പോയൊരു സമയേ വിജയൻ
കോപം പൂണ്ടു മരങ്ങൾ പറിച്ചു
താപസവന്ദിതനാകിയ ശിവനെ
ത്താഡനപീഡനമങ്ങു തുടങ്ങി;
ത്രീക്ഷണനും ഹരിസുതനും തമ്മിൽ
വൃക്ഷം കൊണ്ടുമടിച്ചു പിടിച്ചും
വട്ടം തിരിക ചവിട്ടുക മുട്ടുക
കട്ടയിലിട്ടു ചവിട്ടിയുരുട്ടുക
തള്ളുക കിള്ളുക തങ്ങളിലിങ്ങനെ
തുള്ളിയുലഞ്ഞു വലഞ്ഞു കിരീടി.

തല്ലും ചവിട്ടും കൊണ്ടങ്ങെല്ലും പൊടിഞ്ഞു പിന്നെ
പല്ലും കൊഴിഞ്ഞു മദമെല്ലാം ശമിച്ചു പാർത്ഥൻ
വല്ലാതെ ഭ്രമമൌ വീണാൻ വില്ലാളിമാരിൽ മുമ്പൻ
അല്ലൽ മുഴുത്തു പാർത്ഥൻ ഉള്ളിൽ വിചാരം പൂണ്ടു

പദം: ദ്വിജാവതി — ആദി

പല്ലവി

ചാരുമൂർത്തേ ഗൌരീനാഥാ! കാരുണ്യാംബുരാശേ നാഥാ!
കാരുണ്യം കുറവാനെൻതു കാരണം! ശംഭോ!

ചരണങ്ങൾ

എത്രനാളുണ്ടയ്യോ ഞാനും സേവിച്ചുകൊണ്ടിരിക്കുന്നു
ഇത്രനാളുമെന്റെ കാമം പൂരിച്ചില്ലയ്യോ!

കേടനേകമുണ്ടെന്നാലും കേവലം നീ ശിക്ഷിയാതെ
വേടനെക്കൊണ്ടെന്നെത്തല്ലിക്കൊല്ലിക്കുന്നെന്തേ?
അത്രയല്ല കാട്ടാളന്റെ തല്ലുകൊണ്ടും കുത്തുകൊണ്ടും
എത്രയും തളർന്നു ദേഹം ധാത്രിയിൽ വീണു
നാൽവർ കൂടും സഭതന്നിൽ വാലെടുപ്പാനുള്ള മൂലം
ബാലചന്ദ്രചൂഡാ! നീ താൻ കാരണം ശംഭോ!

കർണ്ണനും ശകുനിയുമാകർണ്ണനം ചെയ്യുന്നേരം
കർണ്ണസൌഖ്യം വന്നുകൂട്ടും കൌരവൻമാർക്ക്

ഊറ്റക്കാരൻ പാർത്ഥൻ പോരിൽ തോറ്റുപോൽ വേടനോടെന്ന-
തേറ്റവും കുറവായ് വൻനൃ നൂറ്റുവർ കേട്ടാൽ.

കൃത്വാ മൃത്തികയാ കഥഞ്ചന പൃഥാ-
പുത്രസ്ത്രിണേത്രാകൃതിം
ഭക്ത്യാ യോതി സമർച്ചനൻതു കൃതവാൻ
പത്രാണി തത്രാദരാൽ
ചിത്രം തത്ര കിരാതപുംഗവശിരോ
ഭൃഷ്ടാനി സംദൃഷ്ടവാൻ
തത്ഭൈവേന്ദുകലാജടോപി ച മൃഡോ-
നോരണ്യചർയാർച്ചനാൽ.
മൃത്തികകൊണ്ടൊരു ശിവലിംഗത്തെ
തത്ര ധരിത്രിയിളങ്ങുളവാക്കി;
തത്ര പഴുത്തു കൊഴിഞ്ഞുകിടക്കും
പത്രമെടുത്തുടനർച്ചന ചെയ്തു;
മൃത്തികലിംഗം തങ്കൽ വണങ്ങി
മൃത്യുഞ്ജയനെ സേവ തുടങ്ങി;
മൃത്യുഞ്ജയ ജയ ശങ്കര ശംഭോ
ഇത്ഥം തൊഴുതു വണങ്ങിന പാർത്ഥനു
പത്രമതെല്ലാം വേടൻ തന്നുടെ
മസ്തകസീമനി കാണ്മാറായി.
എന്തൊരു വിസ്മയമെന്നു വിചാരി-
ച്ചന്തികസീമനി മേവും വേടനെ
മുഴവൻ നോക്കിക്കാണുന്നേരം
മഴവും മാനും പുരിജടമുടിയതി-
ലൊഴുകും സുരനദി തന്നുടെ തിരയിൽ
മുഴുകും ചന്ദ്രക്കലയും തുമ്പയു-
മളികതടേ തിരുമിഴിയുടെ വടിവും
തിരുനാസികയും തൃക്കണ്ണിണയും
തിരുമുഖവും മൃദുമന്ദംസ്മിതവും
ഗളരുചിതലവും തിരുമാറിടവും
ഉദരം നാഭീകുഹരം കടിതട—
മതി രമണീയം ഫണികാഞ്ചിഗുണം

കരിചർമ്മാംബരമൂരുദ്വയവും
പരിമൃദുജാനുക ജംഘായുഗവും
തിരുവടി മലരും നഖപംക്തികളും
ഗിരിമകൾ താനും കരിമുഖനറുമുഖ–
നുടനേ ഹരിഹരസുതനും വേട്ട–
യ്ക്കൊരുമകനും ബഹുഭൂതഗണങ്ങളു–
മൊരുമിച്ചങ്ങനെ കാൺമാറായി;
പങ്കജശരനുടെ ഹുംകൃതി തീർത്തൊരു
ശങ്കര ജയജയ! സങ്കടമദഹര!

ഏതും ഗ്രഹിയാതെ ഞാൻ ചെയ്തോരപരാധങ്ങൾ
എല്ലാം ക്ഷമിച്ചുകൊൾക കല്യാണാകര ശംഭോ!
അംഗങ്ങളടിയത്തിന്നെങ്ങുമിളക്കാവല്ല;
അങ്ങു വന്നു വന്ദിപ്പാനിങ്ങു ശക്തിയുമില്ലാ
മഞ്ജുളനേത്ര! വൻദേ ഗംഗാഭൂഷണാ! വൻദേ
തുംഗാനുഭാവാ വൻദേ! മംഗല്യാകാരാ വൻദേ!

അതിശയഭക്ത്യാ വിവശനതാകിയ
ഹരിസുതവചനം കേട്ടു ഗിരീശൻ
മതിതളിർതെളിവൊടു ചെന്നു കരം കൊ–
ണ്ടതിമോദേന പിടിച്ചെഴുന്നേൽപ്പി–
ച്ചംഗമശേഷം തൊട്ടുതലോടി
തുംഗപരാക്രമപുഷ്ടി വരുത്തി
പുംഗവകേതനനാകിയ ഭഗവാ–
നംഗജനാശനനിദമരുൾ ചെയ്തു:
"വത്സ! ധനഞ്ജയ! തുംഗകളേബര!
വത്സരമനവധി ജീവിച്ചീടുക!
മത്സരമുള്ള രിപുക്കളെയെല്ലാം
ഭസ്മമതാക്കാൻ നീ മതിയാകും;
ഭീമസഹോദരനാകിയ നിന്നുടെ
ഭീമപരാക്രമമറിവാനായി
ഭീമകിരാതശരീരം പൂണ്ടു
ഭീമതരം ബഹു യുദ്ധം ചെയ്തു;
സോമകുലോത്തമനാകിയ നിങ്കൽ
പ്രേമപ്രീതി വരുന്നു നമുക്ക്
കാമാധികസുകുമാരാ നിന്നെ–

ക്കാണ്മാനിത്തൊഴിലൊക്കെയെടുത്തു;
പാശുപതാസ്ത്രം വാങ്ങുക തവ ഹിത–
മാശുലഭിക്കും ഫൽഗുനവീരാ!
കർണ്ണസുയോധനഭീഷ്മാദികളാ–
മർണ്ണവമാശു കടപ്പാൻ നല്ലൊരു
കപ്പൽ മരക്കലമെന്നുടെ ബാണം
കെൽപ്പൊടു കൊണ്ടു ഗമിക്ക ധനഞ്ജയ!"
പുരരിപുഭഗവാനിദമരുൾ ചെയ്തു
ശരവും വരവും ദാനം ചെയ്തു;
ഗിരിമകളോടും പ്രമഥാദികളൊടു–
മങ്ങുഗമിച്ചു മറഞ്ഞ ദശായാം
തിരയിൽ മറച്ചൊരു വില്ലു ലഭിപ്പാൻ
സുരനിമഗ്നയെസ്സേവ തുടങ്ങി.

പദം. രാഗം — പുറനീർ, താളം — ചെമ്പട

നമസ്തേ ഗംഗായൈ തുഭ്യം രണത്തിൽ മയാ കൃതമാം
സമസ്താപരാധമെല്ലാം ക്ഷമിച്ചു വരം നൽകേണം
അരികളെ വെൽവതിന്നായ് പരമശിവൻ നൽകിയ
ശരമിതു പാശുപതം പഴുതേയാം വില്ലില്ലാഞ്ഞാൽ.
ഇത്തരം സ്തുതി കേട്ടു സത്വരം പ്രസാദിച്ചു
ഉത്തമനാമവനോടുത്തരമരുൾ ചെയ്തു:
വില്ലാളിവീരാ! പാർത്ഥാ! വില്ലിതാ ധരിച്ചാലും
മല്ലീശരാന്തകനെസ്സേവിച്ചു വസിച്ചാലും
ഇത്തരം വരം നൽകി സത്വരം മറഞ്ഞവൾ.

സുരവരനരുളാൽ രഥവുംകൊണ്ടു
സുരവരസൂതൻമാതലി വന്നു
പെരുകിന മോദം കൈക്കൊണ്ടുടനെ
സുരവരസൂനു രഥമതിലേറി
സുരലോകംപ്രതി യാത്ര തുടങ്ങി
കുരുകുലകമലദിനേശൻ പാർത്ഥൻ
മംഗലമിക്കഥ കേൾക്കുന്നോർക്കും
മംഗലമനവധി വന്നു ഭവിക്കും.

കിരാതം ഓട്ടൻ തുള്ളൽ സമാപ്തം

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA